VOL NO: 04 | ISSUE 07
www.nerpatham.com
mail@nerpatham.com

2020 FEBRUARY 15 | ₹12

# നേർപഥം

വാരിക

# ടിപ്പു സുൽത്താൻ: ചരിത്രം വീണ്ടും വായിക്കുമ്പോൾ

ഇന്ത്യാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തെറ്റുധരിപ്പിക്കപ്പെട്ട ഭരണാധികാരിയാണ് ടിപ്പു സുൽത്താൻ. ബ്രിട്ടീഷുകാരന്റെ ലോഹ വെടിയുണ്ട നെഞ്ചിൻകൂട് തകർക്കുന്നത് വരെ പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി അദ്ദേഹം അവിശ്രമം പോരാടി. എന്നാൽ വ്യക്തിജീവിതത്തിൽ ദൈവഭക്തിയും മതബോധവും കാത്തുസൂക്ഷിച്ചു എന്നതിന്റെ പേരിൽ വർഗീയ ചരിത്ര രചയിതാക്കളിൽ നിന്ന് ഇന്നും ടിപ്പു  കൂരമ്പുകളേറ്റു വാങ്ങിക്കൊണ്ടിരിക്കുന്നു. സമകാലിക വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ ടിപ്പുവിന്റെ ജീവിതം വീണ്ടും വായിക്കുന്നു.




**മനുഷ്യൻ എത്ര ദുർബലൻ!**

**വൈറസുകൾ വിരുന്നുകാരാകുമ്പോൾ!**

**നാസിസം: ഇറ്റാലിയൻ ഫാഷിസത്തിന്റെ ഇരട്ട സഹോദരൻ**

## ഭീതി പടർത്തുന്ന കൊറോണ വൈറസ്

ആശങ്കയുടെ വർത്തമാനങ്ങളാണ് ലോകരാജ്യങ്ങളിൽനിന്നും കേൾക്കുന്നത്. ഭരണാധികാരികൾ ഭയപ്പെടേണ്ടതില്ലെന്ന് ആവർത്തിച്ചു പറയുമ്പോഴും കൊറോണ വൈറസ് മനുഷ്യരിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. പകർച്ചവ്യാധികൾ പിടികൂടുമ്പോൾ നാം സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാമാണ്? ആ രംഗത്തെ ഇസ്‌ലാമിക നിർദേശങ്ങൾ എന്തെല്ലാമാണ്?

GREEN VALLEY
PUBLIC SCHOOL

Affiliated to CBSE : 930857
Green Valley Campus,
Nellikkapramba, Mukkam
Kozhikode dt, Pin : 673602
Tel : 9061716600



# GREEN HOME

## Residential Campus For Boys

**Green valley public school** is a school with real difference, providing students with distinct opportunities and advantages to develop their full potential academically, socially and personally

Affiliated to **CBSE, New Delhi**, the school is a safe retreat to the students who join us from other international schools and the Gulf countries.

Dedicated to provide exceptional learning experience to the students for holistic development and moral rectitude with excellence ethics and beyond

**Green home residential program** is an endeavor for outstation students to learn as well as to live in a comfortable, safe and healthy surrounding.

We provide a homely environment for outstation students with a pantry that serves delicious and nutritious homely food and laundry services.

We provide Islamic religious education aiming to instill faith and a better understanding of true Islam in our students.

### Special features included

01 Curriculum focusing on quran, belief system, jurisprudence and Islamic history

02 Guidelines prepared by panel experts in the field of Islamic education

03 Quran memorizing with tajweed

04 Communicative Arabic and English

**Registration open for grade 5-8 (boys only )**

+91 9061716600
greenvalleyinstitutions@gmail.com

/greenvalleycampus

**GREEN VALLEY PUBLIC SCHOOL**
ADMISSION STARTED
[2020-2021]

**LKG to VIII**
**STANDARD**

0161 / 2020 ഫെബ്രുവരി 15 / 1441 ജുമാദൽ ആഖിറ 16
പുസ്തകം 04 / ലക്കം 07

നേർപഥം
വാരിക



# ടിപ്പു സുൽത്താൻ: ചരിത്രം വീണ്ടും വായിക്കുമ്പോൾ

അൽത്താഫ് അമ്മാട്ടിക്കുന്ന് / 10


**മുഖമൊഴി**

മനുഷ്യൻ എത്ര ദുർബലൻ! / 05
എഡിറ്റർ

**ലേഖനം**

വൈറസുകൾ വിരുന്നുകാരാകുമ്പോൾ! / 16
അഷ്റഫ് എകരൂൽ

നാസിസം: ഫാഷിസത്തിന്റെ ഇരട്ട സഹോദരൻ / 18
ഡോ.സബീൽ പട്ടാമ്പി

ഭീതിപടർത്തുന്ന കൊറോണ വൈറസ് / 22
സമീർ മുണ്ടേരി

പുണ്യകർമങ്ങൾ / 28
അബ്ദുൽ ജബ്ബാർ മദീനി

എന്തുകൊണ്ട് പ്രോഫ്കോൺ? / 31
അർഷദ് അൽ ഹികമി

**വിവർത്തനം**

സ്വൂഫികളും വിശ്വാസ വ്യതിയാനവും / 06
ശൈഖ് സഅദ് ബിൻ നാസർ അശ്ശത്രി

**ക്വുർആൻ പാഠം**

മതത്തെ തമാശയാക്കുന്നവരോട് / 26
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**ക്വുർആൻ ദർശനം**

മുൽക് (ആധിപത്യം), ഭാഗം: 4 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**ബാലപഥം**

ശ്രദ്ധപുലർത്താം നമ്മൾക്ക് / 34
ഉസ്മാൻ പാലക്കാഴി


Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാൻ യുവാക്കൾ മുന്നിട്ടിറങ്ങണം: വിസ്ഡം യൂത്ത് ലീഡേഴ്സ് മീറ്റ്

മലപ്പുറം: ഇന്ത്യൻ ഭരണഘടന നേരിടുന്ന വെല്ലുവിളികൾ അതിജീവിക്കാനും ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാനുമുള്ള പ്രവർത്തനങ്ങളിൽ യുവാക്കൾ മുന്നിട്ടിറങ്ങണമെന്ന് മലപ്പുറം മിനി ഊട്ടി ജാമിഅ അൽഹിന്ദ് കോളേജിൽ സമാപിച്ച വിസ്ഡം യൂത്ത് സ്റ്റേറ്റ് ലീഡേഴ്സ് ക്യാമ്പ് അഭിപ്രായപ്പെട്ടു. ലോകത്തിനു തന്നെ മാതൃകയായ സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും പാരമ്പര്യമുള്ള രാജ്യമാണ് ഇന്ത്യ. ഇത് തകർക്കാനുള്ള ഫാസിസ്റ്റ് ശക്തികളുടെ ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കാൻ യുവാക്കൾ മുന്നിട്ടിറങ്ങണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. സെൻസസിന്റെ മറവിൽ എൻ.പി.ആറുമായി ബന്ധപ്പെട്ട ഒരു നീക്കങ്ങളും നടക്കില്ലെന്ന് ഉറപ്പു നൽകാൻ സർക്കാർ സഭയിൽ തയ്യാറാവണം

'ലീഡ്' എന്ന പേരിൽ രണ്ടു ദിവസമായി നടന്ന ക്യാമ്പിൽ വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാണ് പങ്കെടുത്തത്.

പൗരത്വ ബില്ലിനെതിരെയുള്ള ശക്തമായ ബോധവൽക്കരണ പരിപാടികൾക്കും അടുത്ത ആറു മാസത്തേക്കുള്ള പ്രവർത്തന പദ്ധതികൾക്കും ഫെബ്രുവരി 23ന് ഫറൂക്കിൽ നടക്കുന്ന യുവജന സമ്മേളനമായ യൂത്ത് കോൺക്ലേവ് 2020 പ്രചാരണ പരിപാടികൾക്കും ക്യാമ്പ് അന്തിമ രൂപം നൽകി. സമാപന സമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജന.സെക്രട്ടറി ടി.കെ അഷ്‌റഫ് ഉൽഘാടനം ചെയ്തു. വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് ഹാരിസ് കായക്കൊടി അധ്യക്ഷത വഹിച്ചു. സംഘനയുടെ പ്രവർത്തന പദ്ധതികൾ ജനറൽ സെക്രട്ടറി കെ.താജുദ്ദീൻ സ്വലാഹി വിശദീകരിച്ചു.

വിവിധ സെഷനുകളിലായി കേരള ഹൈക്കോടതി അഭിഭാഷകൻ അഡ്വ മുഹമ്മദ് ഷാ, പീസ് റേഡിയോ സി.ഇ.ഒ ഹാരിസ് ബിൻ സലീം, മുജാഹിദ് ബാലുശ്ശേരി, സി.പി സലിം വിസ്ഡം യൂത്ത് ഭാരവാഹികളായ ത്വൽഹത്ത് സ്വലാഹി, നിഷാദ് സലഫി, അൻവർ എടത്തനാട്ടുകര, സുഹൈൽ പി.യു, മുജീബ് ഒട്ടുമ്മൽ, ജംഷീർ സ്വലാഹി, ശരീഫ് കാര, ഡോ ഫസ്‌ലുറഹ്മാൻ കക്കാട്, അനിൽ പ്രിംറോസ്, ഡോ മുഹമ്മദ് കുട്ടി കണ്ണിയൻ തുടങ്ങിയവർ സംസാരിച്ചു.

സെക്രട്ടറി അബ്ദുല്ല ഫാസിൽ സ്വാഗതവും ട്രഷറർ ഡോ.പി.എൻ ഷബീൽ നന്ദിയും പറഞ്ഞു.

## വർഗീയതക്കായുള്ള നുണ പ്രഘോഷണങ്ങൾ

ആദർശത്തിൽ ആത്മവിശ്വാസമില്ലാത്തവരാണ് അത് സംരക്ഷിക്കാൻ നുണയെ ആയുധമാക്കുന്നത്. ലവ് ജിഹാദും ടിപ്പു ചരിത്രവുമെല്ലാം കടന്നുവരുന്നത് ആ പരിഭ്രാന്തിയിൽ നിന്നാണ്.

യൂറോപ്യൻ സാമ്രാജ്യത്വത്തിന് മിഷണറി താൽപര്യങ്ങളുണ്ടായിരുന്നു എന്നത് ചരിത്രം പഠിക്കുന്ന ഏതു കുട്ടിക്കുമറിയാം. ആ സാമ്രാജ്യത്വത്തിനെതിരെ സ്വന്തം നാടിന് വേണ്ടി പടപൊരുതിയതിൽ മുന്നിൽ തന്നെയാണ് മുസ്‌ലിംകൾ. ഇന്ത്യൻ സാമ്രാജ്യത്വ അധിനിവേശത്തിന്റെ ചരിത്രം ആരംഭിക്കുന്ന, ടിപ്പു ജീവിച്ചിരിക്കാത്ത, അച്ഛന്റെ ടിപ്പുകഥയുടെ കാലത്ത് കുഞ്ഞാലി മരക്കാന്മാർ മുതൽ ഈ നാടിന്റെ സ്വാതന്ത്ര്യം വരെ ആ പാരമ്പര്യം അവകാശപ്പെടാൻ മുസ്‌ലിംകൾക്ക് സാധിക്കുകയും ചെയ്യും. അതിൽ അച്ഛൻ പരാമർശിച്ച ടിപ്പു സുൽത്താൻ ബ്രിട്ടീഷുകാരോട് പോരാടി യുദ്ധഭൂമിയിൽ വെച്ചു മരിച്ച ഏക ഇന്ത്യൻ ചക്രവർത്തിയാണ്.

ഓർമ വരുന്നത് വിശുദ്ധ ക്വുർആനിലെ ഒരു വചനമാണ്. "സത്യം വന്നിരിക്കുന്നു. അസത്യം മാഞ്ഞുപോയിരിക്കുന്നു. തീർച്ചയായും അസത്യം മാഞ്ഞുപോകുന്നതാകുന്നു." (വിശുദ്ധ ക്വുർആൻ 17:81)

-അബൂ മർയം

മുഖമൊഴി

# മനുഷ്യൻ എത്ര ദുർബലൻ!

> ഭയമില്ല ആനയെ, ഭയമില്ല സിംഹത്തെ
> തോക്കുണ്ട് കൈകളിൽ
> ധൈര്യം പകർന്നിടാൻ
> ഭയമാണ് കൊറോണയെ
> ഭയമാണ് നിപയെ
> നാമെത്ര ദുർബലർ
> നമുക്കെന്ത് നിർഭയം?

ഇഹലോക ജീവിതം അത്ര സുഖകരവും ക്ലേശരഹിതവുമല്ല. അധ്വാനിക്കുകയും പ്രയാസങ്ങൾ സഹിക്കുകയും ചെയ്യാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകുവാൻ ഒരാൾക്കും സാധ്യമല്ല. വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചവനും ജീവിതത്തിൽ പലവിധ കഷ്ടപ്പാടുകളും രോഗങ്ങളുമൊക്കെ അനുഭവിക്കേണ്ടിവരും.

പ്രയാസങ്ങൾ കടന്നുവരുമ്പോൾ ദൈവത്തെ ഓർക്കുകയും സന്തോഷ ഘട്ടത്തിൽ ദൈവത്തെ വിസ്മരിക്കുകയും ചെയ്യൽ പൊതുവെ മനുഷ്യന്റെ സ്വഭാവത്തിൽ പെട്ടതാണ്. ചെറിയ ഒരു വിഷമസന്ധിയിൽ അകപ്പെടുമ്പോഴേക്കും പലരും അസ്വസ്ഥരാകുന്നു; അനുഭവിച്ചുകൊണ്ടിരിക്കുന്ന എണ്ണമറ്റ സുഖാനുഗ്രഹങ്ങളെ മറന്നുകൊണ്ട് ദൈവധിക്കാരത്തിന്റെ വാക്കുകളും പ്രവൃത്തികളും അവരിൽനിന്നുണ്ടാകുന്നു. ജീവിതത്തിൽ വലിയ നേട്ടങ്ങൾ കരസ്ഥമാക്കിയാൽ ധിക്കാരികളും അഹങ്കാരികളുമായി മാറുന്നവരുമുണ്ട്. എല്ലാം നേട്ടങ്ങളും തങ്ങളുടെ സ്വന്തം കഴിവിന്റെയും അധ്വാനത്തിന്റെയും ഫലമാണെന്ന് അവർ കരുതുന്നു.

വാസ്തവത്തിൽ മനുഷ്യൻ എത്ര ദുർബലനായ ജീവിയാണ്! കുതിരയുടെ ശക്തിയോ ആനയുടെ ശരീരവലിപ്പമോ സിംഹത്തിന്റെ ശൗര്യമോ അവനില്ല. എന്നാൽ മറ്റൊരു ജീവിക്കുമില്ലാത്ത ബുദ്ധിശക്തികൊണ്ട് അവൻ അനുഗൃഹീതനാണ്. ആ ബുദ്ധി ഉപയോഗിച്ച് അവൻ പഠനങ്ങളും ഗവേഷണങ്ങളും നടത്തി പലതും കണ്ടുപിടിക്കുന്നു. ആ കണ്ടുപിടിത്തങ്ങളുടെ സഹായത്തോടെ എല്ലാ ജീവജാലങ്ങളെയും കീഴ്പെടുത്താനും വരുതിയിലാക്കുവാനും അവന് കഴിയുന്നു. അതിന്റെ പേരിൽ അവൻ അഹങ്കരിക്കുന്നു. ശാസ്ത്രം ജയിച്ചു, മനുഷ്യൻ തോറ്റു എന്ന് പ്രഖ്യാപിക്കുന്നു!


ചിന്തിച്ചു നോക്കുക. അഹങ്കരിക്കുവാൻ മാത്രം എന്താണ് മനുഷ്യന്റെ കയ്യിലുള്ളത്? ആക്രമിക്കാൻ വരുന്ന ആനയെയും പുലിയെയും തോക്കുകൊണ്ട് കീഴ്പെടുത്താൻ കഴിവുള്ള മനുഷ്യൻ നഗ്ന നേത്രങ്ങൾ കൊണ്ട് കാണുവാൻ കഴിയാത്ത, ഒരു വസ്തുവിനെ അതിന്റെ ലക്ഷക്കണക്കിന് ഇരട്ടി വലുതായി കാണിക്കുന്ന മൈക്രോസ്കോപ്പിലൂടെ മാത്രം കാണാൻ കഴിയുന്ന സൂക്ഷ്മ ജീവികളായ വൈറസുകളെയും മറ്റു രോഗാണുക്കളെയും കീഴ്പെടുത്താൻ കഴിയാതെ കടുത്ത ഭയത്തിലും ആശങ്കയിലും കഴിഞ്ഞുകൂടുന്നത് വിളിച്ചുപറയുന്നതെന്താണ്?

നിപ വൈറസും കൊറോണ വൈറസുമൊന്നും ഭീമാകാരമായ ഭീകര ജീവിയല്ല. എന്നിട്ടും ആനയെക്കാളും സിംഹത്തെക്കാളും മനുഷ്യൻ അവയെ ഭയപ്പെടുന്നു! അവയുടെ പിടിയിലമർന്ന് ജനങ്ങൾ മരിച്ചുതീരുന്നതു കണ്ട് കിടുകിടാ വിറക്കുന്നു. രാജ്യങ്ങളിൽ യുദ്ധസമാനമായ അവസ്ഥയുണ്ടാകുന്നു. ഓരോരുത്തരും ഓരോരുത്തരെയും ഭയപ്പെടുന്നു; വൈറസ്വാഹകനാണോ, എനിക്കും പകരുമോ എന്ന ഭയം. രോഗം ബാധിച്ച സ്വന്തക്കാരെ പോലും പലരും കയ്യൊഴിയുന്നു. വല്ലാത്തൊരു അവസ്ഥയാണിത്.

അഹങ്കാരം കൈവെടിയുക. മനുഷ്യന്റെ നിസ്സാരതയും സ്രഷ്ടാവിന്റെ മഹത്ത്വവും തിരിച്ചറിയുക. അവന്റെ തീരുമാനത്തെ മറികടക്കാൻ കഴിയില്ലെന്ന ബോധത്തോടെ അവന്റെ കൽപനകൾക്ക് കീഴ്പെട്ട് ജീവിക്കുക. പ്രതിരോധ നടപടികൾ സ്വീകരിക്കുക. ചികിത്സിക്കുക. പ്രാർഥിക്കുക. വിനീത ദാസരായി ജീവിക്കുക.

ശൈഖ് സഅദ് ബിൻ നാസർ അശ്ശത്‌രി
വിവ: ശമീർ മദീനി

ലേഖനം



# സ്വൂഫികളും വിശ്വാസ വ്യതിയാനവും

2

**ഒന്ന്: തൗഹീദുർറുബൂബിയ്യത്തിനെ കുറിച്ചുള്ള സ്വൂഫി ചിന്താഗതികൾ**

അല്ലാഹു താനുദ്ദേശിക്കുന്നത് ചെയ്യുന്നവനാണെന്നും അവന്റെ തീരുമാനങ്ങളെ തടുക്കാനാരുമില്ലെന്നും അവന്റെ വിധിയെ ചോദ്യം ചെയ്യാനാർക്കുമാകില്ലെന്നും അവന്റെ ആധിപത്യത്തിൽ അവൻ നിർണയിച്ചതും സൃഷ്ടിച്ചതുമല്ലാതെ യാതൊന്നും സംഭവിക്കുകയില്ലെന്നുമൊക്കെയുള്ള കാര്യങ്ങൾ അനവധി തെളിവുകളിലൂടെ ഖണ്ഡിതമായി സ്ഥിരപ്പെട്ട സംഗതികളാണ്. അല്ലാഹു പറയുന്നു:

"താൻ ഒരു കാര്യം ഉദ്ദേശിച്ചാൽ അതിനോട് ഉണ്ടാകൂ എന്ന് പറയുക മാത്രമാകുന്നു അവന്റെ കാര്യം. അപ്പോഴതാ അതുണ്ടാകുന്നു" (ക്വുർആൻ 36:82).

“പറയുക: ആകാശത്തുനിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നത് ആരാണ്? ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്? അവർ പറയും; അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?”(ക്വുർആൻ 10:31).

വസ്തുത ഇതായിരിക്കെ സ്വൂഫികളിലെ ഒരു വിഭാഗം വാദിക്കുന്നത് ഔലിയാക്കൾ പ്രപഞ്ചത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവരാണെന്നും അവർ ഉദ്ദേശിക്കുന്നവർക്ക് അവർ ഉപകാരം ചെയ്ത് കൊടുക്കുമെന്നും അവരുദ്ദേശിന്നവർക്ക് അവർ ഉപദ്രവം ചെയ്യുമെന്നുമൊക്കെയാണ്. എത്രത്തോളമെന്നാൽ ഉപജീവനം (രിസ്ക്) അവരുടെ കരങ്ങളിലാണ് എന്നും അവർ ജൽപിക്കുന്നു! എന്തൊരു വിചിത്രമായ വാദമാണിത്!

ചുരുക്കത്തിൽ, അല്ലാഹുവിന്റെതു മാത്രമായ പല പ്രവർത്തനങ്ങളെയും അവർ ഔലിയാക്കളിൽ ആരോപിച്ചു. അങ്ങനെ സൃഷ്ടികർമത്തിലും ഉപജീവനം നൽകുന്നതിലും മറ്റും ഔലിയാക്കളെ അവർ അല്ലാഹുവിന് സമന്മാരും പങ്കാളികളുമാക്കി. അബദ്ധജഡിലമായ ഒരു വിശ്വാസമാണ് ഇതെന്നതിൽ യാതൊരു സംശയവുമില്ല. ലോകരക്ഷിതാവായ അല്ലാഹു തന്റെ പ്രവാചകനായ മുഹമ്മദ് നബിﷺയോട് (അദ്ദേഹത്തിന്റെ ഉന്നതമായ സ്ഥാനമാനങ്ങളുള്ളതോടൊപ്പം തന്നെ) അഭിസംബോധന ചെയ്തത് ഇത്തരുണത്തിൽ ശ്രദ്ധിക്കുക.

“(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിനു തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് മറഞ്ഞ കാര്യങ്ങൾ അറിയാമായിരുന്നെങ്കിൽ ഞാൻ ധാരാളം ഗുണങ്ങൾ നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്” (ക്വുർആൻ 7:188).

അല്ലാഹു, അവൻ മാത്രമാണ് സ്രഷ്ടാവ്. അവനുദ്ദേശിക്കുന്നവർക്ക് അവൻ നൽകുന്നു. അവനുദ്ദേശിക്കുന്നവർക്ക് അവൻ തടയുന്നു. അല്ലാഹു പറയുന്നു:

“പറയുക: ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ദേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ദേശിക്കുന്നവരിൽ നിന്ന് നീ ആധിപത്യം എടുത്തുനീക്കുകയും ചെയ്യുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു” (ക്വുർആൻ 3:26).

“രാവിനെ നീ പകലിൽ പ്രവേശിപ്പിക്കുന്നു. പകലിനെ നീ രാവിലും പ്രവേശിപ്പിക്കുന്നു. ജീവനില്ലാത്തതിൽ നിന്ന് നീ ജീവിയെ പുറത്തു വരുത്തുന്നു. ജീവിയിൽ നിന്ന് ജീവനില്ലാത്തതിനെയും നീ പുറത്തു വരുത്തുന്നു. നീ ഉദ്ദേശിക്കുന്നവർക്ക് കണക്ക് നോക്കാതെ നീ നൽകുകയും ചെയ്യുന്നു” (ക്വുർആൻ 3:27).

“അല്ലാഹുവാണ് നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ടവൻ നിങ്ങൾക്ക് ഉപജീവനം നൽകി. പിന്നെ അവൻ നിങ്ങളെ മരിപ്പിക്കുന്നു. പിന്നീട് അവൻ നിങ്ങളെ ജീവിപ്പിക്കുകയും ചെയ്യും. അതിൽ പെട്ട ഏതെങ്കിലും ഒരു കാര്യം ചെയ്യുന്ന വല്ലവനും നിങ്ങൾ പങ്കാളികളാക്കിയവരുടെ കൂട്ടത്തിലുണ്ടോ? അവൻ എത്രയോ പരിശുദ്ധൻ. അവർ പങ്കുചേർക്കുന്നതിൽ നിന്നെല്ലാം അവൻ അത്യുന്നതനായിരിക്കുന്നു” (ക്വുർആൻ 30:40).



അതായത്, ഇപ്പറഞ്ഞവയൊന്നും ചെയ്യാൻ സർവലോകരക്ഷിതാവായ അല്ലാഹുവല്ലാതെ മറ്റാരും ഇല്ല തന്നെ. പ്രപഞ്ചത്തിലെ കൈകാര്യകർതൃത്വം, ജീവിപ്പിക്കലും മരിപ്പിക്കലും, ഉപജീവനം നൽകൽ ഇവയൊക്കെ അല്ലാഹുവിലേക്ക് മാത്രം മടങ്ങുന്ന കാര്യങ്ങളാണ്. എന്നാൽ അമ്പിയാക്കളും ഔലിയാക്കളുമൊക്കെ അവർ എത്രതന്നെ ഉന്നത പദവികളിലെത്തിയാലും അവരൊരിക്കലും പ്രപഞ്ചത്തിലെ കാര്യങ്ങൾ നടത്തുന്നവരോ അല്ലാഹുവിന്റെ അനുമതിയോടും നിർദേശത്തോടും കൂടിയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുന്നവരോ അല്ല. അല്ലാഹു പറയുന്നു:

"അതല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം നൽകുന്നവനായി ആരുണ്ട്? എങ്കിലും അവർ ധിക്കാരത്തിലും വെറുപ്പിലും മുഴുകിയിരിക്കയാകുന്നു" (ക്വുർആൻ 67:21).

"തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും ശക്തനും പ്രബലനും" (ക്വുർആൻ 51:58).

"നിങ്ങൾ അല്ലാഹുവിന് പുറമെ ചില വിഗ്രഹങ്ങളെ ആരാധിക്കുകയും കള്ളം കെട്ടിയുണ്ടാക്കുകയുമാണ് ചെയ്യുന്നത്. അല്ലാഹുവിന് പുറമെ നിങ്ങൾ ആരാധിക്കുന്നത് ആരെയാണോ അവർ നിങ്ങൾക്കുള്ള ഉപജീവനം അധീനമാകുന്നില്ല. അതിനാൽ നിങ്ങൾ അല്ലാഹുവിങ്കൽ ഉപജീവനം തേടുകയും അവനെ ആരാധിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യുക. അവങ്കലേക്കാണ് നിങ്ങൾ മടക്കപ്പെടുന്നത്" (ക്വുർആൻ 29:17).

"അല്ലാഹുവിനാകുന്നു ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം. അവൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പെൺമക്കളെ പ്രദാനം ചെയ്യുന്നു. അവൻ ഉദ്ദേശിക്കുന്നവർക്ക് ആൺമക്കളേയും പ്രദാനം ചെയ്യുന്നു" (ക്വുർആൻ 42:49).

"അല്ലെങ്കിൽ അവർക്ക് അവൻ ആൺമക്കളെയും പെൺമക്കളെയും ഇടകലർത്തിക്കൊടുക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരെ അവൻ വന്ധ്യരാക്കുകയും ചെയ്യുന്നു. തീർച്ചയായും അവൻ സർവജ്ഞനും സർവശക്തനുമാകുന്നു" (ക്വുർആൻ 42:50).



**പ്രപഞ്ചത്തിലെ കൈകാര്യകർതൃത്വം, ജീവിപ്പിക്കലും മരിപ്പിക്കലും, ഉപജീവനം നൽകൽ ഇവയൊക്കെ അല്ലാഹുവിലേക്ക് മാത്രം മടങ്ങുന്ന കാര്യങ്ങളാണ്. എന്നാൽ അമ്പിയാക്കളും ഔലിയാക്കളുമൊക്കെ അവർ എത്രതന്നെ ഉന്നത പദവികളിലെത്തിയാലും അവരൊരിക്കലും പ്രപഞ്ചത്തിലെ കാര്യങ്ങൾ നടത്തുന്നവരോ അല്ലാഹുവിന്റെ അനുമതിയോടും നിർദേശത്തോടും കൂടിയല്ലാതെ മറ്റെന്തെങ്കിലും ചെയ്യുന്നവരോ അല്ല.**

മഴ വർഷിപ്പിക്കലും സസ്യലതാദികൾ മുളപ്പിക്കലുമൊക്കെ ലോകരക്ഷിതാവായ അല്ലാഹു മാത്രമാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

"ജനങ്ങളേ, നിങ്ങളെയും നിങ്ങളുടെ മുൻഗാമികളെയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ദോഷബാധയെ സൂക്ഷി(ച്ച് ജീവി)ക്കുവാൻ വേണ്ടിയത്രെ അത്" (ക്വുർആൻ 2:21).

"നിങ്ങൾക്കു വേണ്ടി ഭൂമിയെ മെത്തയും ആകാശത്തെ മേൽപുരയുമാക്കുകയും ആകാശത്തു നി

ന്ന് വെള്ളംചൊരിഞ്ഞു തന്നിട്ട് അതുമുഖേന നിങ്ങൾക്ക് ഭക്ഷിക്കുവാനുള്ള കായ്കനികൾ ഉൽപാദിപ്പിച്ചു തരികയും ചെയ്ത (നാഥനെ). അതിനാൽ (ഇതെല്ലാം) അറിഞ്ഞുകൊണ്ട് നിങ്ങൾ അല്ലാഹുവിന് സമന്മാരെ ഉണ്ടാക്കരുത്" (ക്വുർആൻ 2:22).

"ആകാശത്തു നിന്ന് വെള്ളം ചൊരിയുകയും ഭൂമി നിർജീവമായി കിടന്നതിനു ശേഷം അതുമൂലം അതിന് ജീവൻ നൽകുകയും ചെയ്തതാരെന്ന് നീ അവരോട് ചോദിക്കുന്നപക്ഷം തീർച്ചയായും അവർ പറയും; അല്ലാഹുവാണെന്ന്. പറയുക: അല്ലാഹുവിന് സ്തുതി! പക്ഷേ, അവരിൽ അധികപേരും ചിന്തിച്ചുചിന്തിച്ചു മനസ്സിലാക്കുന്നില്ല" (ക്വുർആൻ 29:63).

"മനുഷ്യർ നിരാശപ്പെട്ടുകഴിഞ്ഞ ശേഷം മഴ വർഷിപ്പിക്കുകയും തന്റെ കാരുണ്യം വ്യാപിപ്പിക്കുകയും ചെയ്യുന്നവൻ അവൻ തന്നെയാകുന്നു. അവൻ തന്നെയാകുന്നു സ്തുത്യർഹനായ രക്ഷാധികാരി" (ക്വുർആൻ 42:28).

ഔലിയാക്കളിൽ ചിലരെ ദുൻയാവിനെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന അച്ചുതണ്ട് (ഖുതുബ്) എന്നോ അടിമകളെ രക്ഷിക്കുന്ന രക്ഷകൻ (ഗൗഥ്) എന്നോ ഒക്കെ വിശേഷിപ്പിക്കുന്നതിലെ അബദ്ധവും അപകടവും ഇതിൽ നിന്ന് നമുക്ക് മനസ്സിലാക്കാം.

(മുഹിയുദ്ദീൻ ശൈഖി(റഹി)നെ അൽക്വുതുബ്, ക്വുതുബുൽ അക്താബ്, അൽഗൗഥുൽഅഅ്ളം എന്നൊക്കെയാണ് സ്വൂഫീ ത്വരീക്വത്തുകാർ പരിചയപ്പെടുത്തുന്നത്. മാലമൗലൂദുകൾ അത്തരം അതിരുവിട്ട ശിർക്കൻ പ്രയോഗങ്ങൾ കൊണ്ട് നിറഞ്ഞു കിടക്കുന്നതായി കാണാം. അതുകൊണ്ടൊക്കെയാണ് ഇത്തരം മാലകളും മൗലീദുകളും ഇസ്‌ലാമിന്റെ കടക്കൽ കത്തിവെക്കുന്നവയാണെന്ന് പറയുന്നത്-വിവ.)

അല്ലാഹുവിന്റെ റുബൂബിയ്യത്തെന്ന മഹത്തായ പദവിക്ക് നേരെയുള്ള കയ്യേറ്റമാണിതൊക്കെ എന്നതിൽ സംശയമില്ല. പ്രപഞ്ചത്തിന്റെ നിയന്ത്രണവും അതിലെ കൈകാര്യകർതൃത്വവും അല്ലാഹുവിനു മാത്രമാണുള്ളതെന്ന് വ്യക്തമാക്കുന്ന, മുമ്പ് പറഞ്ഞതു പോലെയുള്ള നിരവധി ആയത്തുകൾക്കും ഹദീഥുകൾക്കും കടകവിരുദ്ധമാണീ ചിന്താഗതി.

അപ്രകാരം തന്നെ തൗഹീദുർറുബൂബിയ്യത്തിന് എതിരാകുന്ന മറ്റൊരു സംഗതിയാണ് ഔലിയാക്കളിൽ ചിലർ ഗൈബ് (മറഞ്ഞ കാര്യങ്ങൾ) അറിയുമെന്ന സ്വൂഫിയ്യാക്കളുടെ വാദം. അല്ലാഹു തആലാ തന്റെ പ്രവാചകൻ മുഹമ്മദ് നബിﷺയോട് പറഞ്ഞ വാക്കുകൾ ഇവർ കണ്ടിട്ടില്ലേ? അല്ലാഹു പറയുന്നു:

"(നബിയേ,) പറയുക: എന്റെ സ്വന്തം ദേഹത്തിന് തന്നെ ഉപകാരമോ ഉപദ്രവമോ വരുത്തൽ എന്റെ അധീനത്തിൽ പെട്ടതല്ല. അല്ലാഹു ഉദ്ദേശിച്ചതൊഴികെ. എനിക്ക് മറഞ്ഞ കാര്യങ്ങൾ അറിയാമായിരുന്നുവെങ്കിൽ ഞാൻ ധാരാളം ഗുണം നേടിയെടുക്കുമായിരുന്നു. തിന്മ എന്നെ ബാധിക്കുകയുമില്ലായിരുന്നു. ഞാനൊരു താക്കീതുകാരനും വിശ്വസിക്കുന്ന ജനങ്ങൾക്ക് സന്തോഷമറിയിക്കുന്നവനും മാത്രമാണ്" (ക്വുർആൻ 7:188).

അല്ലാഹു പറയുന്നു: "പറയുക: അല്ലാഹുവിന്റെ ഖജനാവുകൾ എന്റെ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാൻ ഒരു മലക്കാണ് എന്നും നിങ്ങളോട് പറയുന്നില്ല. എനിക്ക് ബോധനം നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻതുടരുന്നില്ല. പറയുക: അന്ധനും കാഴ്ചയുള്ളവനും സമമാവുമോ? നിങ്ങളെന്താണ് ചിന്തിച്ചു നോക്കാത്തത്?" (6:50) **(അവസാനിച്ചില്ല)**


## സ്കൂൾ ഓഫ് ഖുർആൻ സെന്ററുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം

മതശിക്ഷണ രംഗത്ത് ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിച്ച സ്കൂൾ ഓഫ് ഖുർആനിന്റെ പ്രാദേശിക സെന്ററുകൾക്ക് അപേക്ഷ ക്ഷണിച്ചു. ജാമിഅ അൽഹിന്ദിന്റെ കീഴിൽ അഞ്ച് വർഷം മുമ്പ് തുടക്കം കുറിച്ച ഈ മഹദ് സംരംഭത്തിന് ഇപ്പോൾ 17 സെന്ററുകളും ഒരു റസിഡൻഷ്യൽ ക്യാമ്പസുമാണുള്ളത്. പ്രാദേശിക സെന്ററുകൾ വഴി അഞ്ച് വർഷം പൂർത്തിയായ പഠിതാക്കളിൽ നിന്ന് മികവ് തെളിയിച്ച വിദ്യാർഥികളെ തെരഞ്ഞെടുത്ത് രാജ്യാന്തര നിലവാരമുള്ള ഭൗതിക പഠന സൗകര്യങ്ങളോടൊപ്പം അഞ്ച് വർഷം കൊണ്ട് ക്വുർആൻ സമ്പൂർണമായി ഹൃദിസ്ഥമാക്കാൻ അവസരം നൽകിക്കൊണ്ട് സമൂഹത്തിന്റെ ഉന്നതരംഗങ്ങളിൽ ഉയർന്ന കാഴ്ചപ്പാടും ധാർമികബോധമുള്ള വിദഗ്ധരെ വളർത്തിയെടുക്കുകയാണ് സ്കൂൾ ഓഫ് ഖുർആൻ ലക്ഷ്യമിടുന്നത്.

ജാമിഅ നിർദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുത്താൽ അധ്യാപക നിയമനവും ട്രൈനിംഗും ദൈനംദിന കാര്യങ്ങളും വേതനവുമടക്കം മുഴുവൻ ഹെഡ് ഓഫീസിൽ നിന്നും നിയന്ത്രിക്കുന്ന രീതിയിലാണ് സ്ഥാപനം ക്രമീകരിച്ചിരിക്കുന്നത്.

സെന്റർ സംബന്ധമായ വിശദവിവരങ്ങൾക്കും അപേക്ഷാഫോമിനും 9995588317 എന്ന നമ്പരിൽ ബന്ധപ്പെടുക.

School of Qur'an I Jamia Al-Hind Al-Islamiyya
Jamia Campus I Mini Ootty

Malappuram I Kerala I India I PIN 676519
www.schoolofquran.in I mail@schoolofquran.com



അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com

കവർ സ്റ്റോറി

# ടിപ്പു സുൽത്താൻ: ചരിത്രം വീണ്ടും വായിക്കുമ്പോൾ

**ഇന്ത്യാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ തെറ്റുധരിപ്പിക്കപ്പെട്ട ഭരണാധികാരിയാണ് ടിപ്പു സുൽത്താൻ. ബ്രിട്ടീഷുകാരന്റെ ലോഹ വെടിയുണ്ട നെഞ്ചിൻകൂട് തകർക്കുന്നത് വരെ, പിറന്ന നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി അദ്ദേഹം അവിശ്രമം പോരാടി. എന്നാൽ വ്യക്തിജീവിതത്തിൽ ദൈവഭക്തിയും മതബോധവും കാത്തുസൂക്ഷിച്ചു എന്നതിന്റെ പേരിൽ വർഗീയ ചരിത്ര രചയിതാക്കളിൽ നിന്ന് ടിപ്പു ഇന്നും കൂരമ്പുകളേറ്റു വാങ്ങിക്കൊണ്ടിരിക്കുന്നു. സമകാലിക വിമർശനങ്ങളുടെ പശ്ചാത്തലത്തിൽ ടിപ്പുവിന്റെ ജീവിതം വീണ്ടും വായിക്കുന്നു.**

പൗരത്വ ഭേദഗതി ബില്ല്, ദേശീയ ജനസംഖ്യാ രജിസ്റ്റർ എന്നിവയുമായി ബന്ധപ്പെട്ട പ്രതിഷേധങ്ങൾ അണമുറിയാതെ നടന്നുകൊണ്ടിരിക്കുകയാണ് നമ്മൂടെ നാട്ടിൽ. ഒരു മതവിഭാഗത്തെ പ്രകടമായി ലക്ഷ്യംവച്ചുള്ള ഈ നീക്കങ്ങളിൽ ഒളിഞ്ഞിരിക്കുന്ന, ഭാവിയിൽ മറ്റു പലരെയും ദോഷകരമായി ബാധിക്കുന്ന ഈ നിയമങ്ങൾക്ക് പിന്നിലെ വിശാല ദുരുദ്ദേശ്യങ്ങൾ തിരിച്ചറിഞ്ഞ മതേതര കാഴ്ചപ്പാടുള്ളവരെല്ലാം കടുത്ത പ്രതിഷേധസമരവുമായി മുന്നോട്ടുപോകുമ്പോൾ കൂപമണ്ഡൂകങ്ങളായ ചിലർ ബില്ലിനെ അനുകൂലിച്ചും മുസ്‌ലിം സമുദായത്തെ അവഹേളിച്ചും രംഗത്ത് വരുന്നുണ്ട്. ലൗജിഹാദ് എന്ന പഴകിപ്പുളിച്ച ആരോപണവുമായി സീറോ മലബാർ സഭ രംഗത്തുവന്നത് നാം കണ്ടു. ഇപ്പോഴിതാ രസികൻ പ്രസംഗങ്ങളു

മായി ജനങ്ങളെ കയ്യിലെടുക്കുന്നതിൽ അഗ്രഗണ്യനായ ഫാദർ ജോസഫ് പുത്തൻ പുരക്കലും ഇസ്‌ലാം വിരോധവുമായി രംഗത്ത് വന്നിരിക്കുന്നു. ഏതൊക്കെയോ ചില രാജ്യങ്ങളിൽ ക്രൈസ്തവരെ കൊന്നൊടുക്കിയ മുസ്‌ലിംകളോട് കരുണ കാണിക്കേണ്ടതില്ല എന്ന സ്വരമാണ് അദ്ദേഹം ഉയർത്തിയിരിക്കുന്നത്. ലോകത്ത് എവിടെയെല്ലാം ഇസ്‌ലാമിന്റെ പേരിൽ ആരൊക്കെ നിരപരാധികളെ അക്രമിച്ചിട്ടുണ്ടോ അതിനെയെല്ലാം ലോകമുസ്‌ലിംകൾ തള്ളിപ്പറഞ്ഞിട്ടുണ്ട്. ആ അക്രമി സംഘങ്ങൾ ഇസ്‌ലാമിനെ പ്രതിനിധീകരിക്കുന്നില്ല എന്ന് മുസ്‌ലിം പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്.

ഫാദർ ജോസഫ് പുത്തൻ പുരക്കൽ മുസ്‌ലിംകൾക്ക് ക്രൈസ്തവരോട് കടുത്ത ദേഷ്യമാണെന്ന് വരുത്തിത്തീർക്കാനും ക്രൈസ്തവരെ കൊന്നൊടുക്കാൻ ശ്രമിച്ചവരാണ് മുസ്‌ലിം ഭരണാധികാരികൾ എന്ന് സ്ഥാപിക്കുവാനും ഉദാഹരണമായെടുക്കുന്നത് ടിപ്പു സുൽത്താനെയാണ്. മുസ്‌ലിംകളുടെ ചോരകൊണ്ട് അക്ഷരാർഥത്തിൽ പുഴയൊഴുക്കിയ കുരിശുയുദ്ധങ്ങൾ ഫാദർ അറിയാതിരിക്കാൻ വഴിയില്ല എന്ന് കരുതുന്നു.

ഫാദർ ജോസഫ് പുത്തൻ പുരക്കൽ ടിപ്പുസുൽത്താനെ കുറിച്ച് നടത്തിയ പരാമർശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

1. ടിപ്പുസുൽത്താൻ വാഡിയാർ രാജാവിന്റെ സൈന്യാധിപനാണ്.

2. 15ാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ടിപ്പു സുൽത്താൻ ജീവിച്ചിരുന്നത്.

3. ടിപ്പുസുൽത്താൻ ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും വെടിവെച്ചുകൊന്നു.

4. ക്രിസ്ത്യൻ പ്രദേശങ്ങളിലേക്ക് പടയോട്ടം നയിച്ച ടിപ്പുവിനെ അത്ഭുതകരമായി വഴിയിൽ മാവ് എന്ന വൃക്ഷം തടഞ്ഞുനിർത്തി.

5. ക്രിസ്ത്യൻ പള്ളി മഞ്ഞിനാൽ മറയ്ക്കപ്പെട്ടു.

6. അങ്ങനെയാണ് ക്രിസ്ത്യാനികൾ രക്ഷപ്പെട്ടത്.

7. മേൽ പറയപ്പെട്ട കാരണങ്ങളാൽ മുസ്‌ലിംകളെ വിശ്വസിക്കാൻ കൊള്ളില്ല.

ഫാദർ ജോസഫിന്റെ പരാമർശം ഇപ്പോൾ പുറത്തുവന്നത് പൗരത്വനിയമവുമായി ബന്ധപ്പെട്ടു നടക്കുന്ന പ്രതിഷേധ സമരങ്ങളെ നിർവീര്യമാക്കാൻ വേണ്ടിയുള്ള ഹീനമായ ശ്രമമാണെന്നതിൽ അദ്ദേഹത്തെ അനുകൂലിക്കുന്നവർക്ക് പോലും അഭിപ്രായ വ്യത്യാസമുണ്ടാകാൻ സാധ്യതയില്ല. കാരണം ടിയാൻ തുടർന്ന് പറയുന്നത് പൗരത്വവിഷയത്തെക്കുറിച്ചാണ്. പൗരത്വവിഷയത്തിൽ നല്ലവരായ ക്രൈസ്തവ സഹോദരങ്ങളുടെ പിന്തുണ ഇല്ലാതാക്കലാണ് ഈ പരാമർശങ്ങളുടെ ലക്ഷ്യമെന്നും വ്യക്തം. പൗരത്വ നിയമം വ്യക്തമായ നീതിനിഷേധമാണെന്ന് സമ്മതിക്കുമ്പോൾ തന്നെയും മുസ്‌ലിംകളെ ഈ വിഷയത്തിൽ സപ്പോർട്ട് ചെയ്യേണ്ട ആവശ്യമില്ലെന്നുമുള്ള സന്ദേശമാണ് അദ്ദേഹം നൽകുന്നത്.

ടിപ്പുവിനെക്കുറിച്ച് അടിസ്ഥാനപരമായ ചരിത്രം അദ്ദേഹം വായിച്ചിട്ടില്ലെന്ന് മാത്രമല്ല ചരിത്രത്തെക്കുറിച്ച് കേവലമായ ധാരണ പോലുമില്ലെന്നാണ് ടിപ്പു വാഡിയാർ രാജാവിന്റെ സൈന്യാധിപനാണെന്നും 1500 കാലഘട്ടത്തിലാണ് അദ്ദേഹം ജീവിച്ചിരുന്നത് എന്നും പറയുന്നതിലൂടെ നമുക്ക് മനസ്സിലാകുന്നത്. എന്നാൽ അദ്ദേഹം നടത്തിയ, ടിപ്പു ക്രിസ്ത്യാനികളെ വെടിവെച്ചു കൊന്നു എന്ന പരാമർശം അദ്ദേഹം ബോധപൂർവം നടത്തിയതാണെന്നാണ് തുടർന്നുള്ള സംഭാഷണത്തിൽ നിന്നും വ്യക്തമാകുന്നത്. ബ്രിട്ടീഷ് പട്ടാളത്തെയാണ് ഇദ്ദേഹം ക്രിസ്ത്യാനികൾ എന്ന് ഉദ്ദേശിച്ചത്. ബ്രിട്ടീഷുകാർക്കെതിരെ ടിപ്പു നടത്തിയ ശക്തമായ ചെറുത്ത് നിൽപുകളും പ്രത്യാക്രമണങ്ങളുമെല്ലാം ക്രിസ്ത്യാനികൾക്കെതിരിലുള്ളതാണ് എന്ന് വിശ്വസിക്കുവാനും പ്രചരിപ്പിക്കുവാനും ഇദ്ദേഹത്തെപ്പോലുള്ളവർ ശ്രമിക്കുന്നത് അന്ധമായ മതവിദ്വേഷത്തിന്റെ മഹാവ്രണങ്ങൾ ഹൃദയത്തിൽ പേറുന്നത് കൊണ്ടാണ്.



യഥാർഥത്തിൽ ബ്രിട്ടീഷ് അധിനിവേശ ശക്തികൾ മതേതരവാദികളോ കമ്യൂണിസ്റ്റുകളോ ആയിരുന്നില്ല; അടിയുറച്ച ക്രൈസ്തവവിശ്വാസികൾ തന്നെയായിരുന്നു. മാത്രവുമല്ല കൊളോണിയലിസത്തിന്റെ രീതി ശാസ്ത്രത്തിൽ മിഷണറി പ്രവർത്തനങ്ങൾക്കുള്ള സ്ഥാനം ആരാലും നിഷേധിക്കാൻ കഴിയാത്തതുമാണ്. 11 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിൽ നടന്ന കുരിശുയുദ്ധങ്ങൾ പോപ്പ് അർബൻ രണ്ടാമൻ നേരിട്ട് നിർദേശിച്ചതും അതുകൊണ്ട് തന്നെ അധിനിവേശത്തിന് വിശ്വാസപരവും മതപരവും ആയ മാനങ്ങൾ ഉണ്ട് എന്ന് സാമാന്യ ക്രൈസ്തവ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ തക്കതുമായിരുന്നു. ക്രൈസ്തവ പുരോഹിതരിലെ ഭൂരിഭാഗവും അധിനിവേശത്തിന് അനുകൂലമായ സമീപനം സ്വീകരിക്കുവാൻ ഇത് കാരണമായി. ഇക്കാരണങ്ങൾ കൊണ്ട് തന്നെയാണ് ബ്രിട്ടീഷ് വിരുദ്ധസമരത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് ക്രൈസ്തവരെ തടഞ്ഞുനിർത്തിയത്. ടിപ്പുവിനോട് ജോസഫ് പുത്തൻ പുരക്കലിനെ പോലുള്ളവർക്കുള്ള കഠിനമായ വിരോധത്തിന്റെ കാരണവും മറ്റൊന്നല്ല.




അത്ഭുത പ്രവർത്തനമെന്ന രീതിയിൽ മാവ് വളഞ്ഞ് സൈന്യത്തെ തടഞ്ഞ് നിർത്തിയ സംഭവവും മഞ്ഞ് കാരണം കണ്ണ് കാണാതായ സംഭവവും സൂചിപ്പിക്കുന്നത് അന്ധവിശ്വാസത്തിന്റെ ചങ്ങലകളിൽ ഒരു വിഭാഗം ക്രിസ്തുമത വിശ്വാസികളെ തളച്ചിടാനുള്ള ശ്രമമാണ്. കൗതുകകരമായ ഒരു വസ്തുത മാവ് വളഞ്ഞ സംഭവത്തിന് ദൃക്സാക്ഷികളില്ലെന്നതാണ്. മഞ്ഞ് കാരണം ടിപ്പു പള്ളി കണ്ടില്ല എന്ന് പറയുമ്പോൾ കാണാത്ത പള്ളിയുടെ കാര്യം ഇത് കാണാത്ത ടിപ്പുവും സൈന്യവും എന്തായാലും പറയാൻ തരമില്ല. സ്വാഭാവികമായും ഈ കാര്യങ്ങളെല്ലാം ഇവർക്ക് വെളിപാടിലൂടെ ലഭിച്ചതായിരിക്കാം. വെളിപാടിന്റെ സ്രോതസ്സ് ദൈവികമാകാൻ തരമില്ല. എന്തുകൊണ്ടെന്നാൽ 15ാം നൂറ്റാണ്ടിലാണ് ടിപ്പു സുൽത്താൻ ജീവിച്ചിരുന്നത് എന്ന അബദ്ധം ദൈവം പറയില്ല എന്നത് ദൈവവിശ്വാസികളെല്ലാം അംഗീകരിക്കുന്ന കാര്യമാണ്.

ക്രൈസ്തവ വിശ്വാസികളിലെ ഭൂരിഭാഗം പേരും പുത്തൻ പുരക്കലിനെ പോലുള്ളവരുടെ വർഗീയ ചിന്തകളെയും ധ്രുവീകരണ ശ്രമങ്ങളെയും എതിർക്കുന്നു എന്നുള്ളത് ആശ്വാസത്തിന് വകനൽകുന്നു. മതവിശ്വാസികൾ പരസ്പരം സഹായിച്ചും സഹകരിച്ചും ജീവിക്കുന്ന കേരളീയപശ്ചാത്തലത്തിൽ കുബുദ്ധികളായ ചില ക്രൈസ്തവ മതമേലധ്യക്ഷന്മാർ നടത്തുന്ന വർഗീയ പ്രചാരണത്തിന്റെ അടിസ്ഥാന കാരണം അവർ സാധാരണക്കാരിൽ നിന്നും യേശുവിന്റെ പാതയിൽ നിന്നുമകന്ന് അരമനയൊരുക്കുന്ന അതിഭൗതികതയുടെ സൗകര്യങ്ങളിലും സുഖാഡംബരങ്ങളിലും മുഴുകി ജീവിക്കുന്നതാണ്. അവരെ സംബന്ധിച്ചിടത്തോളം നാട്ടിലെ മനുഷ്യർ പരസ്പരം കലഹിക്കുന്നതും മനസ്സിൽ വെറുപ്പും പകയുമായി ജീവിക്കുന്നതും ഒരു പ്രശ്നമല്ല. അൾത്താരയിൽ നിന്ന് അരമനയിലേക്കും ജനക്കൂട്ടം നിറഞ്ഞ വേദിയിലേക്കും മാത്രം സഞ്ചരിക്കുന്ന ആളുകളുടെ സംരക്ഷിത കവചമായി അവർ കാണുന്നത് വിശ്വാസികളെയാണ്. അപ്പോഴും ദൈവത്തിന്റെ പ്രതിപുരുഷരായി സ്വയം അവർ വിചാരിക്കുന്നു എന്നതാണ് ഇതിലെ വിരോധാഭാസം.

അത്യധികം സങ്കീർണമായ അവസ്ഥയിലൂടെയാണ് രാജ്യം കടന്നുപോകുന്നത്. മുസ്‌ലിം സമൂഹത്തെയും പിന്നാക്ക വിഭാഗങ്ങളെയും സർവോപരി ഇന്ത്യൻ മതേതരത്വത്തിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന ഭൂരിപക്ഷം ജനങ്ങളെയും ആശങ്കയിലാക്കുന്ന പൗരത്വഭേദഗതി ബില്ലിന്റെ പശ്ചാത്തലത്തിൽ നടന്നുകൊണ്ടിരിക്കുന്ന കപടദേശസ്നേഹ നാടകത്തിൽ ജോസഫ് പുത്തൻ പുരക്കൽ അദ്ദേഹത്തിന്റെ ഭാഗം നന്നായി അഭിനയിച്ചുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ടിപ്പുസുൽത്താന്റെ വ്യക്തിത്വത്തിലേക്ക് വെളിച്ചം വീശുന്ന ചില പരാമർശങ്ങൾ നടത്തുവാൻ ആഗ്രഹിക്കുന്നു.

**യഥാർഥത്തിൽ ബ്രിട്ടീഷ് അധിനിവേശ ശക്തികൾ മതേതരവാദികളോ കമ്യൂണിസ്റ്റുകളോ ആയിരുന്നില്ല; അടിയുറച്ച ക്രൈസ്തവർ തന്നെയായിരുന്നു. മാത്രവുമല്ല കൊളോണിയലിസത്തിന്റെ രീതിശാസ്ത്രത്തിൽ മിഷണറി പ്രവർത്തനങ്ങൾക്കുള്ള സ്ഥാനം ആരാലും നിഷേധിക്കാൻ കഴിയാത്തതുമാണ്. 11 മുതൽ 13 വരെയുള്ള നൂറ്റാണ്ടുകളിൽ നടന്ന കുരിശുയുദ്ധങ്ങൾ പോപ്പ് അർബൻ രണ്ടാമൻ നേരിട്ട് നിർദേശിച്ചതും അതുകൊണ്ട് തന്നെ അധിനിവേശത്തിന് വിശ്വാസപരവും മതപരവും ആയ മാനങ്ങൾ ഉണ്ട് എന്ന് സാമാന്യ ക്രൈസ്തവ വിശ്വാസികളെ തെറ്റിദ്ധരിപ്പിക്കാൻ തക്കതുമായിരുന്നു. ക്രൈസ്തവ പുരോഹിതരിലെ ഭൂരിഭാഗവും അധിനിവേശത്തിന് അനുകൂലമായ സമീപനം സ്വീകരിക്കുവാൻ ഇത് കാരണമായി.**

### ടിപ്പു: ചില ചരിത്ര വസ്തുതകൾ

ചരിത്രത്തിന്റെ ചുവരുകളിൽ നിന്ന് സ്വന്തം അസ്തിത്വം മായ്ക്കപ്പെടരുതേ എന്നാഗ്രഹിച്ച് ഭൂമിയിൽ സ്വന്തം ശവകുടീരങ്ങളുടെ പിരമിഡുകൾ തീർത്ത ഫറോവ രാജാക്കൻമാരും ചരിത്രത്തിന്റെ ഭാഗമാകാൻ തെല്ലും ആഗ്രഹിക്കാതെ നിസ്വാർഥരായി ജീവിക്കുകയും ജനങ്ങളുടെ ക്ഷേമൈശ്വര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും ചെയ്ത രാജാക്കൻമാരും ഭൂമിയിൽ കഴിഞ്ഞുപോയിട്ടുണ്ട്. സ്ത്രീകളെ നിരാലംബകളാക്കുകയും പുരുഷൻമാരെ വംശഹത്യക്ക് വിധേയരാക്കുകയും അതുമൂലം തങ്ങളുടെ രാജാധിപത്യം നിലനിർത്തിപ്പോരുകയും ചെയ്തതായി ക്വുർആൻ പരിചയപ്പെടുത്തിയ ഫറോവമാർ അവരുടെ ദുഷ്ചെയ്തികൾ സർവർക്കും സംശയലേശമന്യെ ബോധ്യപ്പെടുക കൂടി ചെയ്തിട്ടും പ്രതിഭാധനൻമാരായും മഹത്തായ നാഗരികതയുടെ വക്താക്കളായും ലോകത്ത് വാഴ്ത്തപ്പെട്ടുകൊണ്ടിരിക്കുന്നു! ജനലക്ഷങ്ങളെ അടിമവേല ചെയ്യിച്ചും പീഡിപ്പിച്ചും അവർ നിർമിച്ച 'അത്ഭുത' പിരമിഡുകൾ മഹത്തായ മാനവസംസ്കൃതിയാണ് പോലും! അതേസമയം ചോദ്യം ചെയ്യപ്പെടാത്ത അധികാരവും മഹത്തായ സാമ്രാജ്യവും ഉണ്ടായിരുന്നിട്ടും ഒരുനാൾ സർവശക്തന്റെ മുന്നിൽ ചോദ്യം ചെയ്യപ്പെടുമെന്ന ആത്മപ്രചോദനത്താൽ നീതിയുടെയും മനുഷ്യത്വത്തിന്റെയും മഹത്തായ മാതൃകകൾ സൃഷ്ടിച്ച ഭരണാധികാരികളെ അക്രമകാരികളായും കൊള്ളക്കാരായും ചിത്രീകരിച്ച് വികൃതമാക്കി അവതരിപ്പിക്കുന്ന 'സാംസ്കാരിക' പരിപാടികളും ഇവിടെ നടത്തപ്പെടുന്നു.

ധീരതയുടെയും രാജ്യസ്നേഹത്തിന്റെയും പ്രതിഭാവിലാസത്തിന്റെയും മേന്മകൾ ഉണ്ടായിരുന്നിട്ടും അവരെ മനുഷ്യത്വത്തിന്റെ പടിക്കു പുറത്ത്നിർത്താനുള്ള ഒരേ ഒരു കാരണം അവരുടെ മതമാണ്. തീവ്രമായ വർഗീയതയുടെയും ഇസ്‌ലാം മതത്തോടുള്ള അങ്ങേയറ്റത്തെ വെറുപ്പിന്റെയും ഒടുവിലത്തെ ഉദാഹരണമാണ് 2015 നവംബർ 10ന് കർണാടക സർക്കാർ ടിപ്പു സുൽത്വാൻ ജന്മദിനത്തോടനുബന്ധിച്ച് നടത്തിയ പരിപാടികൾക്കിടെ അരങ്ങേറിയ അക്രമസംഭവങ്ങൾ. നരേന്ദ്ര മോദി അധികാരത്തിലിരിക്കുന്നതിന്റെ ഗർവിൽ സംഘപരിവാരം സംഘടിപ്പിച്ച ഒരു അക്രമം എന്നതിലുപരി ഈ സംഭവത്തിന് വിവിധ മാനങ്ങളുണ്ട്. അതിൽ പ്രധാനമായ ഒരു മാനം ഈ അക്രമത്തിൽ അവിടുത്തെ ചില ക്രൈസ്തവ സംഘടനകളും പങ്കുവഹിച്ചിട്ടുണ്ട് എന്നുള്ളതാണ്. അതിഭയങ്കരമായ തെറ്റിദ്ധാരണകൾ സൃഷ്ടിച്ച് ടിപ്പുവിന്റെ വ്യക്തിത്വത്തെ അപമാനിക്കുന്നതിൽ ബ്രിട്ടീഷുകാരും ഇന്ത്യൻ ദേശീയതയുടെ ബ്രാൻഡ് അംബാസിഡർമാരും രാജ്യസ്നേഹം തലക്കുപിടിച്ച ക്രൈസ്തവസംഘടനകളും കൈകോർക്കുമ്പോൾ അതിൽ നമുക്കെന്ത് കാര്യം എന്നു പലരും ചിന്തിച്ചേക്കാം. എന്നാൽ ഒരു സമൂഹത്തിന്റെ നാളെയിലേക്കുള്ള ചുവടുവയ്പുകൾ അതിന്റെ ഇന്നലെകളുടെ ഓർമകളിൽ നിന്ന് പാഠമുൾക്കൊണ്ട് ആയിരിക്കണം. ഇന്നലെകളെക്കുറിച്ച് തെറ്റിദ്ധാരണകളും അത്ഭുതകരമായ സങ്കൽപങ്ങളുമല്ല സമൂഹത്തിന്റെ ഭാവിയിലേക്ക് നാം കരുതേണ്ടത്. മറിച്ച് സത്യത്തിന്റെയും ചരിത്രവസ്തുതകളുടെയും തെളിഞ്ഞ ധാരണകളാണ് നമ്മെ നയിക്കേണ്ടത്. മുസ്‌ലിം പൂർവകാല ചരിത്രങ്ങൾ അസഹിഷ്ണുതയുടെയും അന്യമത വിദ്വേഷത്തിന്റെയും അധികാരക്കൊതിയുടെയും പര്യായങ്ങളാണ് എന്നു വരുത്തിത്തീർക്കുന്നതിലൂടെ സംഘപരിവാരവും ക്രൈസ്തസംഘടനകളും ല



ക്ഷ്യം വെക്കുന്നത് പ്രധാനമായും അഞ്ച് കാര്യങ്ങളിൽ സംഗ്രഹിക്കാം.

1. മുസ്‌ലിംകൾക്ക് അവരുടെ പൂർവികരിലെ ഉത്തമവ്യക്തികളെക്കുറിച്ചുള്ള ധാരണകളിൽ സംശയം ജനിപ്പിക്കുക.

2. അടിച്ചമർത്തപ്പെട്ട, ഇന്ത്യയിലെ ഇതര മതജാതി വിഭാഗങ്ങൾക്കുവേണ്ടി പരിശ്രമിച്ച മുസ്‌ലിം ഭരണാധികാരികളെ മാത്രം വിമർശന വിധേയമാക്കുക. അതുമൂലം ജാതീയമായ ഉച്ചനീചത്വങ്ങൾ നിലനിർത്തുക.

3. ഇസ്‌ലാമികാധ്യാപനങ്ങൾ പാലിച്ചുകൊണ്ട് സാമൂഹ്യരംഗങ്ങളിൽ പ്രവർത്തിക്കുന്നത് അസഹിഷ്ണുതക്ക് കാരണമാകും എന്ന തോന്നൽ മുസ്‌ലിംകളിൽ ഉണ്ടാക്കുക.

4. ഒരു ഭാഗത്ത് മുസ്‌ലിംകളിലെ സർവാദരണീയ വ്യക്തികളെ മുസ്‌ലിംകൾ തന്നെ മോശക്കാരായി കരുതുമ്പോൾ ചരിത്രത്തിന്റെ താളുകളിൽ നിന്ന് അവരുടെ വ്യക്തിത്വത്തെ അടർത്തിമാറ്റുക. ഭൂമിയിലെ അവരുടെ അടയാളങ്ങളെ സ്വന്തമാക്കി അതിനെ കാവിപുതപ്പിക്കുക എന്ന 'സാംസ്‌കാരിക ധർമം' നിർവഹിക്കുക.

5. ജനാധിപത്യത്തിനുപോലും ഉന്മൂലനം ചെയ്യാൻ കഴിയാത്ത ജാതിവ്യവസ്ഥ 'ഹിന്ദുത്വ' ഭരണകാലത്ത് ദളിതനെ ചുട്ടുകൊല്ലുന്ന അവസ്ഥയിലേക്ക് മടങ്ങിവരുമ്പോൾ സ്വാഭാവികമായും സംഭവിക്കുന്ന അവർണ ജനവിഭാഗങ്ങളുടെ മുന്നേറ്റം തടഞ്ഞ് അവരിലെ സാധാരണക്കാരെ മുസ്‌ലിംകൾക്കെതിരെ തിരിച്ചുവിട്ട് അതിന്റെ മറവിൽ ദളിതരെ പിന്നെയും ചുട്ടുകൊല്ലാനുള്ള തീ ഒരുക്കുക.

ടിപ്പുവിനെ ആക്രമിക്കുന്നവർ പ്രധാനമായും അദ്ദേഹത്തിന്റെ മൂന്ന് ഘടകങ്ങളെ ഉന്നം വെക്കുന്നു. ഒന്ന്, അദ്ദേഹത്തിന്റെ വ്യക്തിത്വം. രണ്ട്, അദ്ദേഹത്തിന്റെ മതനിഷ്ഠ. മൂന്ന്. അദ്ദേഹത്തിന്റെ രാഷ്ട്രീയം. ടിപ്പുവിനെക്കുറിച്ചുള്ള എല്ലാ ദുരാരോപണങ്ങളും പരിശോധിച്ചാൽ അത് അടിസ്ഥാനപരമായി ഈ മൂന്ന് കാര്യങ്ങളുമായാണ് ബന്ധിക്കപ്പെടുന്നത് എന്നു മനസ്സിലാക്കാം. അതിനാൽ വിമർശനങ്ങളിൽ പ്രധാനമായവയുടെ നിജസ്ഥിതികളുടെ ഒരു ലഘുവിവരണമാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

**ടിപ്പുവിന്റെ വ്യക്തിത്വവും ജീവിതവിശുദ്ധിയും**

"അദ്ദേഹത്തിന്റെ മുഖം ആഭിജാത്യവും അന്തസ്സും പ്രസരിപ്പിച്ചു. എല്ലാ വെറുപ്പിനും വിദ്വേഷത്തിനുമിടയിലും ഇംഗ്ലീഷുകാർക്ക് അത് അനുഭവപ്പെട്ടിട്ടുണ്ട്. അവരതേറ്റു പറഞ്ഞിട്ടുണ്ട്. വേഷവിധാനം കൊണ്ടുണ്ടാക്കിത്തീർത്ത പ്രൗഢിയല്ലിത്. വസ്ത്രധാരണത്തിൽ ലളിതമായ സൗന്ദര്യബോധം പുലർത്തിയിരുന്ന സുൽത്താൻ വർണപ്പകിട്ടില്ലാത്ത ശുഭ്രവസ്ത്രങ്ങളേ ധരിച്ചിരുന്നുള്ളൂ. ആഭരണങ്ങളായി അണിഞ്ഞിരുന്നത് രത്നഖചിതമായ സ്വോർഡ് ബെൽറ്റുകളും ചിത്രങ്ങളിൽ കണ്ട് നമുക്ക് പരിചയമുള്ള തലപ്പാവിലെ ചില രത്നങ്ങളും മാത്രമായിരുന്നു. ശരീരംകൊണ്ട് ജോലി ചെയ്യാൻ തടസ്സമാകുന്ന വസ്ത്രധാരണരീതികളെ വെറുത്തിരുന്ന ടിപ്പു ഇന്ത്യയിലെ കൊട്ടാരങ്ങളിൽ സാർവത്രികമായിരുന്ന നിലത്തിഴയുന്ന 'റോബുകൾ' തന്റെ കൊട്ടാരത്തിൽ നിരോധിച്ചു" (ടിപ്പു സുൽത്താൻ, പി.കെ ഗോപാലകൃഷ്ണൻ, പേജ് 116)

ടിപ്പുസുൽത്താനെക്കുറിച്ച് നിഷ്പക്ഷമായി എഴുതിയ പുസ്തകത്തിൽ ഹൈദറിന്റെ ചില സ്വഭാവദൂഷ്യങ്ങളെപ്പറ്റി പി.കെ ബാലകൃഷ്ണൻ തുറന്നെഴുതുന്നത് ശ്രദ്ധേയമാണ്. എന്നാൽ ഹൈദറിന്റെ പുത്രനായി കൊട്ടാരത്തിൽ വസിച്ച ടിപ്പു, ഒരു രാജകുമാരന്റെ എല്ലാ അധികാരങ്ങളും ഉണ്ടായിരുന്നിട്ടും തോഴിമാരെയും നർത്തകിമാരെയും സമീപിച്ചില്ല. അന്നത്തെ രാജനീതിയനുസരിച്ച് നേരിയ ഒരു വിമർശനംപോലും അത്തരം ചെയ്തികൾക്ക് ഇൻഡ്യയിൽ നേരിടേണ്ടി വരുമായിരുന്നില്ല.

"ടിപ്പു ഒരു സന്മാർഗിയായിരുന്നു. പൊതുധാരണകളിൽ നിന്നെല്ലാം എത്രയോ അകന്ന ഒരു മുരത്ത സന്മാർഗി. തന്റെ ജോലികളിലും ചുമതലകളിലും

പാലിച്ചിരുന്ന കർക്കശമായ നിഷ്ഠകൾ സ്വന്തം വ്യക്തിജീവിത സങ്കൽപത്തിലേക്ക് ടിപ്പു പകർത്തി... അദ്ദേഹം സാധാരണയിൽ കവിഞ്ഞ ഒരു മതവിശ്വാസിയാണ് എന്നതുശരിയാണ്. പക്ഷേ, മതപരമായ തന്റെ സന്മാർഗാനുഷ്ഠാനങ്ങളിൽ ടിപ്പു തനതായ ഒരു നിലവാരത്തിലേക്ക് സ്വയം മാറിനിൽക്കുന്നതായി കാണാം. കുടുംബം, ലൈംഗികകാര്യങ്ങൾ, ദൈവവിശ്വാസം ഇങ്ങനെ ഓരോന്നിലും ദൃശ്യമാണ് ആ പ്രത്യേകത... കുതിരയെപ്പോലെ ആരോഗ്യമുള്ള ആ യുവാവിന് 49ാമത്തെ വയസ്സിൽ മരിക്കുന്നതുവരെ ലൈംഗികമായ ഒരപഭ്രംശവും ഒരു സാമാന്യ ആസക്തിപോലും സംഭവിച്ചതായി ദൂഷ്യങ്ങൾ രേഖപ്പെടുത്താൻ ഭൂതക്കണ്ണാടിയുമായി ഉഴറി നടന്നിരുന്നവർ പോലും പറയുന്നില്ല” (ടിപ്പു സുൽത്താൻ, പി.കെ ഗോപാലകൃഷ്ണൻ, പേജ് 120).

‘ടിപ്പുവിന്റെ ലൈംഗികവിശുദ്ധിക്ക് തെളിവായി പ്രസിദ്ധമായ രണ്ട് സംഭവങ്ങൾ സംഘപരിവാര ചരിത്രകാരൻമാർ ഒഴികെയുള്ളവരെല്ലാം ഉദ്ധരിച്ചതായി കാണാം. മഹാരാഷ്ട്ര യുദ്ധകാലത്ത് അവരുടെ ക്യാമ്പിൽ നിശാ ആക്രമണം നടത്തിയപ്പോൾ തടവുകാരായി പിടിക്കപ്പെട്ട പ്രഭുകുമാരികളുടെ കാര്യമാണൊന്ന്. നട്ടപ്പാതിരാത്രിയിൽ തന്റെ കൂടാരത്തിൽ എത്തിയ ആ അപൂർവസുന്ദരികളെ ആഭരണങ്ങളും വസ്ത്രവും സമ്മാനമായി കൊടുത്തശേഷം യുദ്ധം നിർത്താൻ ഭർത്താക്കൻമാരെ പ്രേരിപ്പിക്കണമെന്ന അപേക്ഷയോടെ ടിപ്പു തിരിച്ചയക്കുകയായിരുന്നു. മരിക്കുമ്പോൾ 11 മക്കളുണ്ടായിരുന്ന ടിപ്പുവിന്റെ ശാരീരിക ശേഷിയെക്കുറിച്ച് ഒന്നും ശങ്കിക്കാനില്ലെന്നുകൂടി ഓർക്കുമ്പോഴാണ് ഈ നടപടിയുടെ മഹത്ത്വം നമുക്ക് പൂർണമായി ബോധ്യമാവുക.

അമ്മയുമായി എന്തോ ആലോചിക്കാൻ അവരുടെ കിടപ്പറയിൽ കടന്ന ടിപ്പു ഒരിക്കൽ ഉറങ്ങിയപ്പോൾ ഉണ്ടായ സംഭവമാണ് മറ്റൊന്ന്. കൊട്ടാരം പരിചാരകികളായ രണ്ട് സുന്ദരികളായ യുവതികൾ സുൽത്താനെ സ്പർശിച്ചതിനെ തുടർന്ന് ഉറക്കമുണർന്ന സുൽത്താൻ പരലോകത്ത് താൻ ശിക്ഷിക്കപ്പെടാൻ കാരണമാകുന്ന പാപകൃത്യത്തിലേക്ക് തന്നെ നയിക്കാൻ ശ്രമിച്ചു എന്നാരോപിച്ച് അവരോട് ക്രുദ്ധനായി പെരുമാറിയ സംഭവം. ഈ രണ്ട് സംഭവങ്ങൾ ഉദ്ധരിച്ചുകൊണ്ട് പി.കെ ബാലകൃഷ്ണൻ എഴുതുന്നു.


“ഇമ്മാതിരി ഒരു വിഷയത്തിൽ വിവരണത്തിന്റെ സത്യസ്ഥിതി സംശയിക്കേണ്ട കാര്യമില്ല. സന്മാർഗസൂക്തക്കാർ പാടിപ്പുകഴ്ത്തേണ്ട ഈ സ്വഭാവരീതി പ്രവാചകൻമാർക്കും സാധാരണ മനുഷ്യർക്കും കിരീടമായിരിക്കുമെങ്കിലും അനേകലക്ഷം പേരുമായി പ്രായോഗിക ബുദ്ധിയോടെ ഇടപെടേണ്ട ഒരു രാജാവിന് അപകടകരമായ പല സ്വഭാവവിശേഷങ്ങൾ അത് ഉണ്ടാക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ടിപ്പുവിനത് സംഭവിച്ചു എന്നു കാണുകയും ചെയ്യാം” (ടിപ്പു സുൽത്താൻ, പി.കെ ഗോപാലകൃഷ്ണൻ, പേജ് 120).

രാജവാഴ്ച കാലഘട്ടങ്ങളിൽ ഇന്ത്യയിൽ ദേവദാസീ സമ്പ്രദായം നിലവിലുണ്ടായിരുന്നത് നമുക്കറിയാം. നാട്ടിലെ ഇഷ്ടപ്പെട്ട യുവതികളുമായി വിവാഹബന്ധത്തിലോ വിവാഹപൂർവ ലൈംഗിക ബന്ധങ്ങളിലോ ഏർപ്പെടുന്നതിന് ഇവിടെ വിലക്കുകളില്ലായിരുന്നു. എന്നുമാത്രമല്ല അത്തരം പ്രവൃത്തികൾ രാജാവിന്റെ ദുർഗുണങ്ങളായി അക്കാലഘട്ടങ്ങളിൽ എണ്ണപ്പെടുക കൂടിയില്ല. അതെല്ലാം മുമ്പിൽവെച്ച് നോക്കുമ്പോൾ നമുക്ക് ബോധ്യപ്പെടുന്ന വസ്തുത കാലഘട്ടങ്ങളിലെ ദുരാചാരങ്ങളോ സ്വന്തം പരമാധികാരത്തിന്റെ അഹങ്കാരമോ അദ്ദേഹത്തെ തൊട്ടുതീണ്ടിയിരുന്നില്ല എന്നാണ്. **(അവസാനിച്ചില്ല)**



അഷ്‌റഫ് എകരൂൽ
ashrafekarul@gmail.com

ലേഖനം



# വൈറസുകൾ വിരുന്നുകാരാകുമ്പോൾ!

"ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങൾ! അവയെ അവഗണിച്ചുകൊണ്ട് അവർ അവയുടെ അടുത്ത് കൂടി കടന്ന് പോകുന്നു" (ക്വുർആൻ 12:105).

അതെ! നിത്യേന എത്രയെത്ര തെളിവുകളാണ് അല്ലാഹു മനുഷ്യരുടെ മുമ്പിൽ കൊണ്ടുവന്നിടുന്നത്! ഇപ്പോൾ ലോകത്തുള്ള സകല മനുഷ്യരെയും ഭയപ്പെടുത്തി മുന്നേറുന്ന കൊറോണ വൈറസ് ഒരു പരീക്ഷണവും ദൃഷ്ടാന്തവുമല്ലേ? അടുത്തകാലത്ത് കേരള ജനതയെ ഭയപ്പെടുത്തിയ നിപ വൈറസ് ഒരു ദൃഷ്ടാന്തമല്ലേ? അതിസൂക്ഷ്മ ജീവികളെങ്കിലും ആഘാതമേൽപിക്കുന്നതിലും അപകടപെടുത്തുന്നതിലും എത്ര ഭീകരർ! വൈറസുകൾ മനുഷ്യനെ വിറപ്പിക്കുന്ന, ഇടയ്ക്കിടെ വരുന്ന വിരുന്നുകാരാണോ? ലോകം എത്ര ഭീതിയോടെയാണ് ഇത്തരം വൈറസുകളെ നോക്കിക്കാണുന്നത്!

മനുഷ്യന്റെ സർവ കഴിവുകളെയും ഭൗതിക സന്നാഹങ്ങളെയും നിഷ്പ്രഭവും അപ്രസക്തവുമാക്കി കളയുന്ന ഇത്തരം ദൃഷ്ടാന്തങ്ങൾ നമുക്ക് പാഠമാവേണ്ടതുണ്ട്. നിസ്സഹായരായ ഒരു ജനതയെ അധികാരത്തിന്റെ ഹുങ്കിലും വംശീയവെറുപ്പിന്റെ പ്രചോദനത്തിലും ഡിറ്റൻഷൻ സെന്ററുകളിലാക്കാനുള്ള ശ്രമത്തിനിടയിൽ രാജ്യത്തെ തന്നെ തടവറകളിലാക്കി കളഞ്ഞില്ലേ കൊറോണ വൈറസ്! മനുഷ്യന്നും അവന്റെ കഴിവുകൾക്കും മുകളിൽ അവനെ നിയന്ത്രിക്കാൻ കഴിവുള്ള സ്രഷ്ടാവിനെ കുറിച്ച് ചിന്തിക്കാനും അവന്റെ മാർഗമനുസരിച്ചുള്ള ഒരു ജീവിതത്തിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്താനും ഇത്തരം തെളിവുകൾ മനുഷ്യന് സഹായകമാവേണ്ടതാണ്.

അതോടൊപ്പം സത്യവിശ്വാസികൾക്ക് പകർച്ച വ്യാധികൾ സംബന്ധമായ ഇസ്‌ലാമിക അധ്യാപനങ്ങൾ പഠിക്കാനുള്ള അവസരം കൂടെയാവേണ്ടതുണ്ട് ഇവ. ഇത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ പ്രവാചകൻﷺ നിരന്തരം അല്ലാഹുവിനോട് രക്ഷ ചോദിക്കാറുണ്ടായിരുന്നു.

അനസ്‌ؓ നിവേദനം ചെയ്യുന്നു: നബിﷺ പ്രാർഥിക്കാറുണ്ടായിരുന്നു: 'അല്ലാഹുവെ, വെള്ളപ്പാണ്ടിൽ നിന്നും കുഷ്ഠരോഗത്തിൽനിന്നും ഭ്രാന്തിൽനിന്നും അതിനികൃഷ്ടവും വെറുക്കപ്പെട്ടതുമായ രോഗത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷചോദിക്കുന്നു" (ഇബ്നുഹിബ്ബാൻ).

മനുഷ്യന് അടുക്കാനും ചികിൽസിക്കാൻ പോലും പേടിയാകുന്ന ഇത്തരം വിപത്തുകളിൽ നിന്ന് സത്യവിസ്വാസികൾ സദാ അല്ലാഹുവിനോട് കാവൽ ചോദിക്കേണ്ടതുണ്ട്.

ഒരിക്കൽ ഉമർؓ സൈന്യവുമായി ശാമിലേക്ക് പ്രവേശിക്കാൻ പുറപ്പെട്ട സംഭവം ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്യുന്നുണ്ട്. അതിർത്തിക്കടുത്തെത്തിയപ്പോൾ സൈനിക തലവന്മാരിൽ നിന്നും ശാമിൽ പ്ലേഗ് പടർന്നിട്ടുണ്ടെന്ന് വിവരം കിട്ടി. അവിടേക്ക് പോകണമോ, അതോ മടങ്ങണമോ എന്ന കാര്യത്തിൽ ഉമർؓ പ്രഗൽഭരായ അൻസ്വാറുകളോടും മുഹാജിറുകളോടും മറ്റും കൂടിയാലോചിച്ചു. രണ്ട് അഭിപ്രായക്കാരും കൂട്ടത്തിലുണ്ടായിരുന്നു. അവസാനം അവിടെ അന്നേരം അബ്ദുറഹ്മാനുബ്നു ഔഫ്ؓ എത്തുകയും അദ്ദേഹം ഇങ്ങനെ പറയുകയും ചെയ്തു: 'ഈ വിഷയത്തിൽ (അഥവാ പകർച്ച രോഗം വന്നിറങ്ങിയ നാട്ടിലേക്ക് പോകേണ്ടതുണ്ടോ അതല്ല ആ കാരണം കൊണ്ട് അവിടേക്ക് കടക്കാതെ മടങ്ങിപ്പോകേണ്ടതുണ്ടോ എന്ന വിഷയത്തിൽ) എന്റെ അടുക്കൽ ഒരു അറിവ് ഉണ്ട്. നബിﷺ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: ഏതെങ്കിലും ഒരു ദേശത്ത് അത് (സാംക്രമികരോഗം) ഉണ്ടെന്ന് നിങ്ങൾ കേട്ടാൽ അവിടേക്ക് ചെന്നുചേരരുത്. അതുപോലെ നിങ്ങൾ വസിക്കുന്ന ഒരു ദേശത്ത് അത് വന്നുപെട്ടാൽ നിങ്ങൾ അതിൽ നിന്ന് പുറത്തേക്ക് ഓടിപ്പോകരുത്."

അപകടകാരികളായ ഇത്തരം രോഗങ്ങൾ വന്നിറങ്ങുമ്പോൾ ജനങ്ങൾ സ്വീകരിക്കേണ്ട ആരോഗ്യ അച്ചടക്കത്തെയാണ് അല്ലാഹുവിന്റെ റസൂൽﷺ ഈ വചനത്തിലൂടെ പഠിപ്പിക്കുന്നത്.

മനുഷ്യനും അവൻ ഉടമപ്പെടുത്തിയതുമെല്ലാം അല്ലാഹുവിന്റെ കേവലസൃഷ്ടികളാണെന്നും അവന്റെ നിസ്സാരനായ അടിമ മാത്രമാണ് മനുഷ്യനെന്നും ഏതൊരാളെയും ബോധ്യപ്പെടുത്തുന്ന ഇത്തരം രോഗങ്ങൾ ചിലപ്പോൾ അല്ലാഹുവിന്റെ ശിക്ഷയായേക്കാം. എന്നാൽ സത്യവിശ്വാസികൾക്കത് കാരുണ്യമായിരിക്കും. ഇങ്ങനെയാണ് ഒരു സത്യവിശ്വാസി മനസ്സിലാക്കേണ്ടത്.

ആഇശؓയോട് ഈ വിഷയവുമായുള്ള ഒരു സംസാരത്തിൽ നബിﷺ ഇപ്രകാരം പറഞ്ഞു: "അത് (മാരകമായ പകർച്ചരോഗങ്ങൾ/പ്ലേഗ്) അല്ലാഹു അവൻ ഉദ്ദേശിക്കുന്നവർക്ക് നേരെ അയക്കുന്ന ഒരു ശിക്ഷയാണ്. എന്നാൽ അത് വിശ്വാസികൾക്ക് അല്ലാഹുവിന്റെ ഒരു കാരുണ്യവുമാണ്. പ്ലേഗ് പകർന്ന ഒരു നാട്ടിൽ ഒരു അടിമ, അല്ലാഹു എനിക്ക് നിശ്ചയിച്ചതല്ലാത്ത ഒന്നും ബാധിക്കുകയില്ലെന്ന ദൃഢവിശ്വാസത്തിലായും കൊണ്ട് ക്ഷമാലുവായി കഴിഞ്ഞുകൂടിയാൽ അവന്ന് ഒരു രക്തസാക്ഷിക്ക് തുല്യമായ പ്രതിഫലം നൽകുന്നതാണ്" (ബുഖാരി).

രോഗങ്ങൾ പടരുകയും പകരുകയും ചെയ്യാമെന്നത് ഒരു യഥാർഥ്യമാണെന്നും അവയ്ക്ക് അനിവാര്യമായ പ്രതിരോധനടപടികൾ സ്വീകരിക്കുകയും ചികിത്സ നടത്തുകയും ചെയ്യണമെന്നും അത് ഇസ്‌ലാമിലെ തവക്കുലിന്ന് (അല്ലാഹുവിൽ ഭരമേൽപിക്കൽ) എതിരാവുകയില്ലെന്നുമാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്നത്.

നബിﷺ പറഞ്ഞു: "ആരോഗ്യമുള്ള ഒട്ടകങ്ങളോട് ഇടകലർത്തി രോഗികളായ ഒട്ടകങ്ങളെ മേയ്ക്കാവുന്നതല്ല" (ബുഖാരി).

നബിﷺയുടെ ഈ നിരോധനം രോഗം ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പകരുകയെന്നത് സംഭവ്യമാണെന്നതിന്റെ തെളിവാണ്.

അല്ലാഹുവിന്റെ ധാർമിക നിയമങ്ങളിൽ നിന്ന് മനുഷ്യൻ വിട്ടുപോകുമ്പോഴാണ് മനുഷ്യരെ മൊത്തം ബാധിക്കുന്ന ഇത്തരം ശിക്ഷകൾ അയക്കുകയെന്നതാണ് നമുക്ക് ലഭിക്കേണ്ട മറ്റൊരു പാഠം.

നബിﷺ പറഞ്ഞു:"കരാർ പാലനത്തിൽ കുറവ് വരുത്തുമ്പോൾ അവരിൽ കൊലപാതകങ്ങൾ ഉണ്ടായിത്തീരും. മ്ലേഛ പ്രവൃത്തികൾ വ്യാപിക്കുമ്പോൾ മരണത്തെ അവരുടെ മേൽ അധീനപ്പെടുത്തും" (അൽഹാകിം).

മൈമൂനؓ ഉദ്ധരിക്കുന്നു; നബിﷺ പറയുന്നത് ഞാൻ കേട്ടു: "എന്റെ സമുദായത്തിൽ അവിഹിതബന്ധത്തിലുണ്ടായ കുട്ടികൾ വർധിക്കുമ്പോൾ അല്ലാഹു അവരെ മൊത്തത്തിൽ ബാധിക്കുന്ന ശിക്ഷയിലകപ്പെടുത്തും" (അഹ്മദ്).

ചുരുക്കത്തിൽ ഇമാം ഗസ്സാലി പറഞ്ഞത് പോലെ 'ആർക്കെങ്കിലും നല്ല ചിന്തകൾ നിറഞ്ഞാൽ അവൻ കാണുന്നതെന്തിലും അവന്ന് ഗുണപാഠങ്ങൾ ഉണ്ടാവും' (ഇഹ്‌യാ ഉലൂമുദ്ദീൻ). അതെ; നമ്മൾ വിശ്വാസികൾ ചുറ്റും കണ്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളിൽ നിന്ന് അറിവ് നേടുക മാത്രമല്ല തിരിച്ചറിവ് കൂടി നേടുകയാണ്.

ഡോ.സബീൽ പട്ടാമ്പി
drsabeel555@gmail.com

ലേഖനം

ഫാഷിസം: ചരിത്രം ആവർത്തിക്കുന്നുവോ?: 2



# നാസിസം: ഇറ്റാലിയൻ ഫാഷിസത്തിന്റെ ഇരട്ട സഹോദരൻ

ഇറ്റലിയിൽ ഫാഷിസത്തിന്റെ ആരംഭദശയിൽതന്നെ അതിൽ ആകൃഷ്ടനായ ഒരു വ്യക്തിയാണ് അഡോൾഫ് ഹിറ്റ്ലർ. അയാൾ രാഷ്ട്രീയജീവിതം തുടങ്ങിയത് German Worker's patry എന്ന സംഘടനയിൽ അംഗമായിക്കൊണ്ടാണ്. 'ഫാഷിസ'ത്തിൽനിന്ന് 'നാസിസ'ത്തിനുള്ള ആശയപരമായ വ്യത്യാസം എന്തെന്നാൽ ഫാഷിസം അമിത ദേശീയതക്കാണ് (Nationalism) പ്രാധാന്യം കൊടുത്തതെങ്കിൽ 'നാസിസം' വംശീയതക്കാണ് (Racism) പ്രാധാന്യം കൊടുത്തത്ത്. യഥാർഥ ജർമൻ ജനത ആര്യൻവംശജരായ സവർണരാണ്. വെളുത്ത, ഉയരം കൂടിയ, തെളിഞ്ഞ കണ്ണുകളുള്ള, വെള്ള മുടിയോടുകൂടിയ ശരീരമുള്ളവരാണ് ആര്യന്മാർ എന്നും അതുകൊണ്ട് ജർമനിയിൽ ജർമൻ വംശജരായ ആര്യന്മാർ മാത്രമെ പാടുള്ളൂ എന്നതാണ് ഹിറ്റ്ലറുടെ വംശീയ സിദ്ധാന്തത്തിന്റെ ചുരുക്കം.

ആര്യൻ വംശത്തിന്റെ പരിശുദ്ധത (Racial purtiy) ജർമനിയിൽ സംരക്ഷിക്കപ്പെടണമെന്നും അവർ ജർമനിയിലെ മറ്റു വംശങ്ങളുമായി കൂടിക്കലരാൻ പാടില്ലെന്നും അവരുമായി വിവാഹബന്ധം പാടില്ലെന്നും പറഞ്ഞു. ഇക്കാര്യം ഹിറ്റ്ലർ 1925ൽ എഴുതിയ തന്റെ ആത്മകഥയായ Mein Kamphൽ പറയുന്നുണ്ട്.

രാജ്യം ശുദ്ധീകരിക്കപ്പെടണമെങ്കിൽ ചില ആളുകളെ ഇല്ലാതാക്കുകയോ നാടുകടത്തുകയോ അടിമപ്പെടുത്തി വെക്കുകയോ (Extermination, Exile or Enslavement 3 E's) ചെയ്യേണ്ടതുണ്ടെന്ന് ഹിറ്റ്ലർ ഉയർത്തിക്കാട്ടി. Mein Kamphൽ ഹിറ്റ്ലർ രാജ്യത്തിന്റെ ശത്രുക്കൾ ആരൊക്കെയാണെന്ന് മുൻഗണനാക്രമത്തിൽ പേരെടുത്ത് പറയുന്നുണ്ട്. ജൂതന്മാർ, ക്രൈസ്തവർ, കമ്യൂണിസ്റ്റുകൾ; ഇവരെ തുടച്ചുനീക്കണമെങ്കിൽ ജനാധിപത്യസംവിധാനം ഇല്ലാതാക്കണം എന്നും ഈ പുസ്തകത്തിൽ ഹിറ്റ്ലർ എഴുതിയത് കാണാം.

## ഹിറ്റ്ലറുടെ നാസി പാർട്ടി അധികാരത്തിൽ വരുന്നു

1920 മുതൽ 1930 വരെയുള്ള വിവിധ ഇലക്ഷനുകളിൽ കനത്ത തോൽവിയാണ് നാസി പാർട്ടി ഏറ്റുവാങ്ങിയത്. 1933ൽ നടന്ന ഇലക്ഷനിൽ ഹിറ്റ്ലറുടെ പാർട്ടി ഭൂരിപക്ഷം നേടി അധികാരത്തിൽ വന്നു. അധികാരത്തിൽ വന്ന ആദ്യ ദിവസങ്ങളിൽ പുതിയ കർമപദ്ധതികൾ പ്രഖ്യാപിച്ചു. സാമ്പത്തിക മേഖല, തൊഴിൽ മേഖല, ആരോഗ്യമേഖല എന്നിവയിൽ സമൂലമായ മാറ്റങ്ങൾ ഉണ്ടാകാൻ പോവുകയാണെന്ന വാഗ്ദാനം നൽകി. എന്നാൽ ഇതിനെക്കാളൊക്കെ ഉപരി ഹിറ്റ്ലർ സമ്പത്തും സമയവും ചെലവഴിച്ചത് രാജ്യത്തിന്റെ സൈന്യത്തെ ശക്തിപ്പെടുത്തുന്നതിന് വേണ്ടിയായിരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങൾ വ്യാപകമായി കോർപറേറ്റുകൾക്ക് വിൽക്കുന്നു

അധികാരത്തിൽ വരുന്നതിനു മുമ്പും അതിനുശേഷവും ഹിറ്റ്ലർക്കും പാർട്ടിക്കും രാജ്യത്തെ പ്രമുഖ കമ്പനികളിൽ നിന്നും ധാരാളമായി ഫണ്ട് കിട്ടിയിരുന്നു. ഇതിനു കാരണം, നാസി പാർട്ടി കോർപറേറ്റുകൾക്ക് അനുകൂലമായ നിലപാടാണ് സ്വീകരിച്ചിരുന്നത് എന്നതാണ്. പാർട്ടി അധികാരത്തിലെത്തിയാൽ തങ്ങളുടെ ഗവൺമെന്റ് തിരിച്ച് കമ്പനികൾക്കനുകൂലമായ നിലപാടുകൾ കൊണ്ടുവരും എന്ന് പറഞ്ഞു. രാജ്യത്തെ പ്രമുഖരായ സ്റ്റീൽ നിർമാണ കമ്പനികളും കൽക്കരി ഉൽപാദന കമ്പനികളും ഇൻഷുറൻസ് കമ്പനികളും കെമിക്കൽ കമ്പനികളും ഹിറ്റ്ലർക്ക് വാരിക്കോരി സംഭാവനകൾ നൽകി. (The Nazi revolution: Hitler's dictatorship & The German nation Pub: DC Heath & company, page: 141).

നാസി പാർട്ടി അധികാരത്തിലെത്തിയ ശേഷം കോർപറേറ്റുകളോട് നന്ദി കാണിച്ച് തുടങ്ങി. രാജ്യത്തെ പ്രമുഖ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി കോർപറേറ്റുകൾക്ക് വിറ്റു. (The Economic recovery of Germany 1933-1938, Published by: Macmillian & Co Ltd.)

## കുപ്രചരണമെന്ന ആയുധം

നാസി പാർട്ടി അധികാരത്തിൽ വരുന്നതിനു മുമ്പ് 1920കളിൽ തന്നെ കുപ്രചരണങ്ങൾ ധാരാളം നടത്തിയിരുന്നു. കുപ്രചരണങ്ങളിന്മേലാണ് നാസി പാർട്ടി ഉയർന്നുവന്നത് എന്ന് പറയുന്നതിൽ പോലും തെറ്റില്ല. അവർക്ക് സ്വന്തമായി പ്രസിദ്ധീകരണങ്ങൾ ഉണ്ടായിരുന്നു. ഹിറ്റ്ലറുടെ മുഖ്യപത്രാധിപരായിരുന്നു 'ഗീബൽസ്.' (ഈ പേരിലേക്ക് ചേർത്താണ് മലയാളത്തിൽ 'ഗീബൽസിയൻ നുണ' എന്ന വാക്ക് ഉപയോഗിക്കുന്നത്). ഒരു നുണ പല കോണുകളിൽ നിന്ന് വ്യത്യസ്ത രീതിയിൽ ആവർത്തിച്ച് പറഞ്ഞാൽ, കുറെ തവണ കേട്ടാൽ ജനങ്ങൾ അത് സത്യമാണെന്ന് കരുതും എന്നതായിരുന്നു ഗീബൽസിയൻ സിദ്ധാന്തം. നാസിസത്തിന്റെ ഇരകളായ ജൂത, ക്രൈസ്തവ, കമ്യൂണിസ്റ്റുകളെ കുറിച്ച് ധാരാളം നുണകളും ഹിറ്റ്ലർക്ക് വേണ്ടി ഗീബൽസ് 'തള്ളി'വിട്ടു. ഈ വിഭാഗങ്ങളെ പരസ്പരം ഭിന്നിപ്പിക്കാൻ കു



പ്രചരണങ്ങൾ പടച്ചുവിട്ടു. ജൂതന്മാരാണു ജർമൻകാരെ കൊള്ളയടിക്കുന്നതെന്നും ജൂതന്മാർ ക്രൈസ്തവരുടെ കുട്ടികളെ തട്ടിക്കൊണ്ട് പോകുന്നുണ്ടെന്നുമൊക്കെ പ്രചരിപ്പിക്കപ്പെട്ടു. (മീഡിയ ഫാഷിസ്റ്റുകളുടെ പ്രധാന ആയുധമാണ്). 1933ൽ ഹിറ്റ്ലർ അധികാരത്തിൽ വന്നപ്പോൾ ഗീബൽസ് വാർത്താവിനിമയ മന്ത്രിയായി നിയമിക്കപ്പെട്ടു.

### ജൂതന്മാരോടുള്ള വിരോധത്തിനു കാരണം

ജൂതന്മാർ ആര്യപരമ്പരയിൽ വരുന്നവരല്ല എന്നത് തന്നെയാണ് ഈ വിരോധത്തിന്റെ കാരണം. ജൂത പരമ്പരയിൽ ജനിച്ചവർക്കേ ജൂതനാകാൻ കഴിയൂ. (ഒരാൾക്ക് മതം മാറി ജൂതനാകൻ പറ്റില്ല). അപ്പോൾ ഒരാൾ ജൂതനാണെങ്കിൽ തീർച്ചയായും അയാൾ ആര്യനല്ലെന്നത് വ്യക്തം. ഇതാണ് ജൂതന്മാരെ ഒന്നാമത്തെ ഇരയാക്കാൻ ഹിറ്റ്ലറെ പ്രേരിപ്പിച്ചത്.

### ക്രൈസ്തവ വിരോധം

ക്രൈസ്തവ വിരോധത്തിനുള്ള കാരണം അവർ ഹിറ്റ്ലറുടെ എതിർപാർട്ടിയെ ഇലക്ഷനിൽ പിന്തുണച്ചു എന്നതും ഹിറ്റ്ലറുടെ കൊള്ളരുതായ്മകളെ വിമർശിച്ചതും എന്നതുമാണ്. ക്രൈസ്തവരിൽ തന്നെ ജർമൻ വംശജരല്ലാത്തവർ ഹിറ്റ്ലറുടെ ഇരകളുമായിരുന്നു.

### ഹിറ്റ്ലർ തടങ്കൽ പാളയങ്ങൾ നിർമിക്കുന്നു

1933ൽ ഭരണത്തിൽ വന്ന വർഷം തന്നെ ഹിറ്റ്ലർ തന്റെ പദ്ധതികൾ നടപ്പിലാക്കാൻ ആരംഭിച്ചു. ശത്രുക്കളായി കരുതുന്നവരെ തടവിലാക്കാനായി ജർമനിയുടെ പല ഭാഗങ്ങളിലായി തടങ്കൽ പാളയങ്ങളുടെ പണി തുടങ്ങി. 1933ൽ മാത്രമായി ഏകദേശം 45,000 പേരെ ഇവിടങ്ങളിൽ തടവിലാക്കി. ഇക്കൂട്ടത്തിൽ കമ്മ്യൂണിസ്റ്റുകൾ, ജനാധിപത്യവാദികൾ, യഹോവസാക്ഷികൾ (ഒരു ക്രൈസ്തവ വിഭാഗം) എന്നിവരുണ്ടായിരുന്നു. (റഫറൻസ്: Holocaust Encycloedia). പുതിയ ക്യാമ്പുകൾ ജർമനിയുടെ അകത്തും പുറത്തും (മറ്റു യൂറോപ്യൻ രാജ്യങ്ങൾ)



പല ഭാഗങ്ങളിലായി ഉയർന്നുവന്നുകൊണ്ടേയിരുന്നു. കണക്കുകൾ പ്രകാരം 1933 മുതൽ 1945 വരെ നാസികൾ 42,000ത്തോളം തടങ്കൾ പാളയങ്ങളുണ്ടാക്കി. ഈ പാളയങ്ങളെ പല വിഭാഗങ്ങളക്കി തിരിച്ചിരുന്നു. ചിലത് താമസിപ്പിക്കാൻ വേണ്ടി മാത്രം, ചിലത് ജോലി ചെയ്യിപ്പിക്കാൻ (labour camp), ചിലത് കൊന്നൊടുക്കാൻ (Extermination).

ചില ക്യാമ്പുകളിൽ ആളുകൾ പട്ടിണിമൂലം മരിച്ചപ്പോൾ മറ്റു ചിലതിൽ പകർച്ചവ്യാധികൾ മൂലം ആളുകൾ കൂട്ടമായി മരിച്ചു. വേറെ ചിലതിൽ കൂട്ടമായി കൊന്നൊടുക്കി. ഹിറ്റ്ലറുടെ കീഴിൽ നാസികൾ ചെയ്ത ഈ കൂട്ടക്കൊലയാണ് ചരിത്രത്തിൽ Holocaust എന്ന പേരിൽ അറിയപ്പെടുന്നത്. 1933-1945 കാലത്തിനിടക്ക് 17 മില്യൺ (1 കോടി 70 ലക്ഷം) മനുഷ്യരെ നാസികൾ കൊന്നൊടുക്കി എന്നാണു കണക്ക്. ഇതിൽ 60 ലക്ഷം പേർ ജൂതന്മാരും ബാക്കിയുള്ളത് ഇതര ജനവിഭാഗങ്ങളും. (റഫറൻസ്: Holocaust encyclopedia). ഇവയിൽ പല ക്യാമ്പുകളും ഇന്ന് സ്മാരകങ്ങളും മ്യൂസിയങ്ങളുമാക്കി മാറ്റിയിട്ടുണ്ട്.

### പൗരത്വ നിയമത്തിൽ ഭേദഗതി വരുത്തുന്നു

1935ൽ ഹിറ്റ്ലർ ജർമനിയുടെ പൗരത്വ നിയമത്തിൽ മാറ്റം വരുത്തിക്കൊണ്ട് 'ഭേദഗതി നിയമം' പുറപ്പെടുവിച്ചു. (കു)പ്രസിദ്ധമായ ന്യൂറംബർഗ് നി

യമം (Neuramberg Law) എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ നിയമത്തിൽ പ്രധാനമായും രണ്ട് കാര്യങ്ങളാണുണ്ടായിരുന്നത്.

(1) ജൂതന്മാർ അടിസ്ഥാനപരമായി ജർമൻ വംശം അഥവ ആര്യവംശം അല്ലാത്തത് കൊണ്ട് ഈ നിയമം മുതൽ അവരെ പൗരന്മാരായി കണക്കാക്കുകയോ അവർക്ക് പൗരത്വ ആനുകൂല്യങ്ങൾ കിട്ടുകയോ ഇല്ല.


(2) ജൂതന്മാരുമായി വിവാഹ ബന്ധം, കച്ചവട ഇടപാടുകൾ തുടങ്ങിയ ഏതെങ്കിലും ഇടപാടുകൾ ജർമൻ പൗരന്മാർ നടത്താവുന്നതല്ല. അങ്ങനെ നടന്നതായി കണ്ടെത്തിയാൽ അവരെ കുറ്റക്കാരായിക്കണ്ട് അറസ്റ്റ് ചെയ്യുന്നതായിരിക്കും. (ഈ നിയമ ഭേദഗതി ഉത്തരവിന്റെ ജർമൻ കോപ്പിയുടെ ഫോട്ടോ ഈ ലേഖനത്തോടൊപ്പം കാണാം).

ഈ നിയമം വന്നതിനു ശേഷം ജൂതന്മാർ പൂർണമായും ഒറ്റപ്പെട്ടു. ജനങ്ങളും ഗവൺമെന്റ് സംവിധാനങ്ങളും ജൂതന്മാരെ ബഹിഷ്കരിക്കാൻ തുടങ്ങി. ജർമനിക്കാർ ജൂതന്മാരുമായി കച്ചവട ഇടപാടുകൾ നിർത്തി. ചെറുതും വലുതുമായ ധാരാളം ജൂതസ്ഥാപനങ്ങൾ നഷ്ടത്തിലാവുകയോ അടച്ചുപൂട്ടുകയോ അതുമല്ലെങ്കിൽ തുച്ഛമായ വിലയ്ക്കോ സൗജന്യമായോ കൊടുത്ത് ഒഴിവാക്കുകയോ ചെയ്തു. ഗവൺമെന്റ് ഉദ്യോഗങ്ങളിലുള്ള ജൂതന്മാരെ നിർബന്ധപൂർവം പിരിച്ചുവിട്ടു. ഫാർമസി, മെഡിസിൻ, നിയമം തുടങ്ങിയ ഉന്നത വിദ്യാഭ്യാസ മേഖലകളിൽ നിന്ന് ജൂതന്മാർ തടയപ്പെട്ടു. അവരുടെ വരുമാന മാർഗം ജർമനിക്കാരുടെ വീട്ടിലെ കൂലിവേലയോ അടിമവേലയോ മാത്രമായി ചുരുങ്ങി.


ജൂതന്മാരുടെ മുന്നിൽ രണ്ട് മാർഗങ്ങളേ ഉണ്ടായിരുന്നുള്ളൂ. ഒന്നുകിൽ ജർമനിയിൽ അടിമയായി ജീവിക്കുകയും ഹിറ്റ്ലറുടെ കൈകൊണ്ട് മരിക്കുകയും ചെയ്യുക, അല്ലെങ്കിൽ ജർമനി വിട്ടു മറ്റ് രാജ്യങ്ങളിലേക്ക് പോവുക. പക്ഷേ, അവിടെയും ഹിറ്റ്ലർ നിബന്ധന വെച്ചു; രാജ്യം വിട്ട് പോകണമെങ്കിൽ ആകെ സമ്പാദ്യത്തിന്റെ 90 ശതമാനം കരം ആയി അടച്ചാൽ മാത്രം രാജ്യം വിടാം. ചിലർ ജീവിതകാലത്തെ സമ്പാദ്യം മുഴുവൻ ജർമനിക്ക് എഴുതിക്കൊടുത്ത് ജീവനും കൊണ്ട് നാട്കടന്നു. അന്ന് ജൂതന്മാരെ പ്രധാനമായും കൈ നീട്ടി സ്വീകരിച്ചത് ബ്രിട്ടൻ, അമേരിക്ക, ഫലസ്തീൻ എന്നീ രാജ്യങ്ങളായിരുന്നു.

(ഇതിൽ ഫലസ്തീനിലെ ജൂതന്മാർ പിന്നീട് അവർക്ക് അഭയം നൽകിയ തദ്ദേശീയരായ പൗരന്മാരെ തന്നെ ആക്രമിച്ച് കീഴ്പെടുത്തി തട്ടിക്കൂട്ടിയ രാജ്യമാണ് ഇസ്രായേൽ. ഫലസ്തീനും ഇസ്രായേലും തമ്മിലുള്ള യുദ്ധം ഇന്നും അവസാനിച്ചിട്ടില്ല).

ഇങ്ങനെ ജൂതവംശജരായതിന്റെ പേരിൽ ജർമനി വിട്ടുപോയവരിൽ പ്രമുഖരാണ് പ്രശസ്ത ഭൗതിക ശാസ്ത്രജ്ഞൻ Albert Einstienഉം ആധുനിക മനഃശാസ്ത്രത്തിന്റെ പിതാവായി അറിയപ്പെടുന്ന Sigmund Freudഉം. ഐൻസ്റ്റീൻ അമേരിക്കയിൽ അഭയം തേടിയപ്പോൾ ഫ്രോയിഡ് ബ്രിട്ടണിലേക്കാണു പോയത്. എന്നാൽ ജൂതരിൽ ഭൂരിഭാഗം പേർക്കും നാടുവിടാൻ സാധിച്ചില്ല. അതിനുള്ള കാരണങ്ങൾ ഇവയാണ്: (1) ഇവരെ സ്വീകരിച്ച രാജ്യങ്ങളിൽ അഭയാർഥികളുടെ എണ്ണം കൂടിയപ്പോൾ കൂടുതൽ അഭയാർഥികളെ സ്വീകരിക്കുന്നത് അവർ നിർത്തി. (2) 1940ൽ ജൂതന്മാർ നാടുവിട്ട് രക്ഷപ്പെടുന്നത് ഹിറ്റ്ലർ തന്നെ നിർത്തലാക്കി.




**ലേഖനാവസാനത്തിൽ സൂചിപ്പിച്ച IBM and the Holocaust എന്ന പുസ്തകത്തിന്റെ പുറം ചട്ട.**


Reichsbürgergesetz.
Vom 15. September 1935.

Der Reichstag hat einstimmig das folgende Gesetz beschlossen, das hiermit verkündet wird:

§ 1

(1) Staatsangehöriger ist, wer dem Schutzverband des Deutschen Reiches angehört und ihm dafür besonders verpflichtet ist.

(2) Die Staatsangehörigkeit wird nach den Vorschriften des Reichs- und Staatsangehörigkeitsgesetzes erworben.

§ 2

(1) Reichsbürger ist nur der Staatsangehörige deutschen oder artverwandten Blutes, der durch sein Verhalten beweist, daß er gewillt und geeignet ist, in Treue dem Deutschen Volk und Reich zu dienen.

(2) Das Reichsbürgerrecht wird durch Verleihung des Reichsbürgerbriefes erworben.

(3) Der Reichsbürger ist der alleinige Träger der vollen politischen Rechte nach Maßgabe der Gesetze.

§ 3

Der Reichsminister des Innern erläßt im Einvernehmen mit dem Stellvertreter des Führers die zur Durchführung und Ergänzung des Gesetzes erforderlichen Rechts- und Verwaltungsvorschriften.

Nürnberg, den 15. September 1935,
am Reichsparteitag der Freiheit.

Der Führer und Reichskanzler
Adolf Hitler

Der Reichsminister des Innern
Frick

---

Gesetz zum Schutze des deutschen Blutes und der deutschen Ehre.
Vom 15. September 1935.

Durchdrungen von der Erkenntnis, daß die Reinheit des deutschen Blutes die Voraussetzung für den Fortbestand des Deutschen Volkes ist, und beseelt von dem unbeugsamen Willen, die Deutsche Nation für alle Zukunft zu sichern, hat der Reichstag einstimmig das folgende Gesetz beschlossen, das hiermit verkündet wird:

§ 1

(1) Eheschließungen zwischen Juden und Staatsangehörigen deutschen oder artverwandten Blutes sind verboten. Trotzdem geschlossene Ehen sind nichtig, auch wenn sie zur Umgehung dieses Gesetzes im Ausland geschlossen sind.

AREA 12 GERMANY JEWS, PERSECUTION OF
1935. THE BASIC "NUERNBERGER GESETZE"
(LAWS AGAINST THE JEWS). OSS 736583

**1935ൽ ഹിറ്റ്ലർ പാസ്സാക്കിയ Neuremberg നിയമം ഗസറ്റിൽ പ്രസിദ്ധീകരിച്ചതിന്റെ ജർമൻ കോപ്പി, അതിന്റെ താഴെ ഇംഗ്ലീഷിൽ എഴുതിയ ഭാഗം ശ്രദ്ധിക്കുക.**

**രാജ്യവ്യാപകമായി ജനസംഖ്യാ കണക്കെടുപ്പ് (Census) നടത്തുന്നു**

ന്യൂറൻബർഗ് നിയമം പാസ്സായതോട് കൂടി ജൂതന്മാർ ഒറ്റപ്പെട്ടു എന്ന് നാം പറഞ്ഞല്ലോ. ഈ സാഹചര്യത്തിൽ ചില ജൂതന്മാർ താൽക്കാലികമായി രക്ഷപ്പെടാൻ ജൂതമതം ഉപേക്ഷിക്കുകയോ ജൂത മത ചിഹ്നങ്ങളും രേഖകളും ഉപേക്ഷിക്കുകയോ ചെയ്തു. എന്നാൽ ഇക്കാര്യവും ഹിറ്റ്ലറുടെ ശ്രദ്ധയിൽ പെട്ടു. ഇതിനു ഹിറ്റ്ലർ കൊണ്ടുവന്ന ഒരു മാർഗമാണ് രാജ്യവ്യാപകമായ കണക്കെടുപ്പ്. ഈ കണക്കെടുപ്പിൽ ഓരോ പൗരന്റെയും പ്രായം, ജോലി, ലിംഗം, കുടുംബ പരമ്പര കാണിക്കുന്ന രേഖകൾ എന്നിവ പരിശോധിച്ചു. മൂന്നോ നാലോ തലമുറകൾ ജൂതപാരമ്പര്യമുള്ളവരെ പൂർണ ജൂതരായി കണക്കാക്കി തടവിലാക്കുകയോ നാടുകടത്തുകയോ കൊല്ലുകയോ ചെയ്തു. എന്നാൽ ഒന്നോ രണ്ടോ തലമുറകൾ മാത്രം ജൂത പാരമ്പര്യമുള്ള (അതിനു ശേഷമുള്ളവർ ഒരു പക്ഷേ ജർമനിക്കാരെ വിവാഹം കഴിച്ചതാകാം) തടവിൽ പാർപ്പിച്ചു.

2001ൽ പുറത്തിറങ്ങിയ ഒരു പുസ്തകമുണ്ട്. ഈ പുസ്തകത്തിന്റെ പേര് IBM and the Holocaust: The strategic alliance between Nazi Germany and America's most powerful corporation എന്നാണ്. ഗ്രന്ഥകാരന്റെ പേര് Edwin black. അദ്ദേഹം ഒരു Investigative Journalist ആണ്. Newyork times best seller ആയിരുന്ന ഈ പുസ്തകം നിർണായകമായ ചില വെളിപ്പെടുത്തലുകൾ നടത്തുന്നുണ്ട്. ജർമനിയിലെ നാസി കൂട്ടക്കൊല നടന്നതിന് 50 വർഷത്തിനു ശേഷം പുറത്തിറങ്ങിയ ഈ പുസ്തകത്തിന്റെ ചുരുക്കം ഇതാണ്: ഹിറ്റ്ലർ ജർമനിയിലെ ജനസംഖ്യാ കണക്കെടുപ്പ് നടത്താൻ IBM എന്ന അമേരിക്കൻ കമ്പനിയുടെ സഹായം തേടിയിരുന്നുവെന്നും IBM ആണ് ഹിറ്റ്ലർക്ക് വേണ്ട സാങ്കേതിക സഹായങ്ങൾ ചെയ്തത് എന്നും പറയുന്നു. ഇവർ ഓരോ പൗരന്റെയും മതം, വംശം തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് ഗവൺമെന്റിനു നൽകി, അതോടൊപ്പം ഈ രേഖയുടെ അടിസ്ഥാനത്തിൽ പൗരന്മാർക്ക് പ്രത്യേകം കാർഡുകളും നൽകി. ഉദാ: ജൂതനാണെങ്കിൽ അവൻ ജൂതനാണെന്നും അവന്റെ മറ്റ് വിവരങ്ങളും ആ കാർഡിൽ ഉണ്ടാകും. ഇതിന്റെ അടിസ്ഥനത്തിലായിരിക്കും പിന്നീട് അവന്റെ മറ്റു കാര്യങ്ങൾ പരിഗണിക്കുക.

ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് 2012ൽ ഇറങ്ങിയപ്പോൾ തെളിവുകളായി കൂടുതൽ ചിത്രങ്ങൾ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. IBMന് അമേരിക്ക കഴിഞ്ഞാൽ അന്നത്തെ വലിയ കസ്റ്റമർ ജർമനിയായിരുന്നു. ഇന്ന് ഇന്ത്യയിലടക്കം മിക്ക ലോക രാജ്യങ്ങളിലും IBM പ്രവർത്തിക്കുന്നുണ്ട്.

**'ഗസ്റ്റപ്പോ' അഥവാ രഹസ്യപോലീസ്**

ഹിറ്റ്ലർക്ക് സ്വന്തമായി ഒരു രഹസ്യപോലീസ് സംവിധാനമുണ്ടായിരുന്നു. അതിന്റെ പേരാണു ഗസ്റ്റപ്പോ. ഇവർ വേഷപ്രച്ഛന്നരായി ജനങ്ങൾക്കിടയിലൂടെ നടക്കുകയും ഹിറ്റ്ലർക്കും നാസി പാർട്ടിക്കുമെതിരെയുള്ള ജനങ്ങളുടെ നീക്കങ്ങൾ, സംസാരങ്ങൾ എന്നിവ അറിയുകയും ചെയ്യുന്ന ചാരന്മാരായിരുന്നു. ഒപ്പം ഹിറ്റ്ലറുടെ നിയമങ്ങൾ ആരെങ്കിലും ലംഘിക്കുന്നത് കണ്ടാൽ അവരെ ഉടൻ അറസ്റ്റ് ചെയ്ത് തടങ്കൽ പാളയങ്ങളിൽ കൊണ്ടുപോകുന്നതും ഇവരായിരുന്നു.

സമീർ മുണ്ടേരി
mundery@gmail.com

ലേഖനം




# ഭീതിപടർത്തുന്ന കൊറോണ വൈറസ്

ആശങ്കയുടെ വർത്തമാനങ്ങളാണ് ലോകരാജ്യങ്ങളിൽനിന്നും കേൾക്കുന്നത്. ഭരണാധികാരികളും ആരോഗ്യമേഖലയിലുള്ളവരും ഭയപ്പെടേണ്ടതില്ലെന്ന് ആവർത്തിച്ചു പറയുമ്പോഴും ആശങ്കയുടെ കാർമേഘം മനുഷ്യമനസ്സുകളിൽ കുമിഞ്ഞു കൂടുന്നുണ്ട്.

രോഗമില്ലാത്ത മനസ്സും ശരീരവും വലിയ സൗഭാഗ്യമാണ്. എന്നാൽ മഹാഭൂരിപക്ഷവും ആ അനുഗ്രഹത്തെക്കുറിച്ച് അശ്രദ്ധയിലുമാണ്. ആരോഗ്യം നഷ്ടപ്പെടുമ്പോഴാണ് മഹത്തായ ആ സൗഭാഗ്യത്തിന്റെ വിലയറിയുക.

കൊറോണ വൈറസ് മനുഷ്യരിൽ പടർന്നു പിടിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തും വൈറസ്ബാധ സ്ഥിരീകരിക്കപ്പെട്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ചൈനയിൽ ധാരാളം ആളുകൾ രോഗം വന്നു മരണത്തിന് കീഴൊതുങ്ങി. പല രാജ്യങ്ങളിലും രോഗം പിടികൂടി പ്രയാസമനുഭവിക്കുന്നവരുണ്ട്.

**കൊറോണ വൈറസ്?**

മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ തുടങ്ങിയവയിൽ രോഗകാരിയാകുന്ന ഒരുകൂട്ടം ആർ.എൻ.എ വൈറസുകളാണ് കൊറോണ എന്ന് അറിയപ്പെടുന്നത്.

കൊറോണ വൈറസ് എപ്രകാരമാണ് പകരുന്നത് എന്നും അതിന്റെ ലക്ഷണങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. മുഖ്യമായും ശ്വാസനാളിയെയാണ് കൊറോണ വൈറസ് ബാധിക്കുക. ജലദോഷവും ന്യൂമോണിയയുമൊക്കെയാണ് ഈ വൈറസ് ബാധയുടെ ലക്ഷണങ്ങൾ. രോഗം ഗുരുതരമായാൽ സാർസ്, വൃക്കസ്തംഭനം എന്നിവയുണ്ടാകും. മരണം വരെ സംഭവിക്കാൻ സാധ്യതയുണ്ട്.

**പരിഹാരം**

ആരോഗ്യ രംഗത്തുള്ളവർ ആവർത്തിച്ചു പറയുന്ന നിർദേശങ്ങൾ പാലിക്കാൻ ജനങ്ങൾ ശ്രദ്ധിക്കണം. ഇല്ലെങ്കിൽ വലിയ ആപത്ത് തന്നെ പിടിപെട്ടേക്കാം.

ഈയിടെയാണ് നിപാ വൈറസ് കേരളക്കരയിൽ പടർന്നത്. പലരെയും നമുക്ക് നഷ്ടമായി. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താലും കൂട്ടമായ പ്രവർത്തനത്തിലൂടെയും വളരെ പെട്ടെന്നു തന്നെ രോഗത്തെ പിടിച്ചുകെട്ടാൻ നമുക്ക് സാധിച്ചു.

രോഗം പടരുന്നതിന് കാരണമായി പറയുന്നത് ശുചിത്വമില്ലായ്മയാണ്. നമ്മുടെ ശരീരവും വീടും പരിസരവുമെല്ലാം ശുചിത്വത്തോടെ കൊണ്ടുനടക്കാൻ ശ്രമിക്കണം.

ഇസ്‌ലാം ഈ മേഖലയിൽ നൽകുന്ന നിർദേശം ഏറെ ശ്രദ്ധേയമാണ്. ശുദ്ധി പാലിക്കുന്നവരെ അല്ലാഹുവിന് ഇഷ്ടമാണ് എന്ന് ക്വുർആൻ പഠിപ്പിക്കുന്നത് കാണാം. അല്ലാഹു പറയുന്നു:

“തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു”(ക്വുർആൻ 2:222).

നബിﷺ പറഞ്ഞു: “ശുദ്ധി വിശ്വാസത്തിന്റെ (ഈമാനിന്റെ) പകുതിയാണ്” (മുസ്‌ലിം).

രോഗത്തെ പ്രതിരോധിക്കാൻ പൊതുജനങ്ങൾക്ക് നൽകുന്ന നിർദേശങ്ങളിൽ അധികവും വൃത്തിയുമായി ബന്ധപ്പെട്ടതാണ്.

സോപ്പും വെള്ളവും ഉപയോഗിച്ച് കൈ കഴുകുക.


ചുമക്കുമ്പോഴും തുമ്മുമ്പോഴും തൂവാല കൊണ്ട് വായും മൂക്കും അടച്ചു പിടിക്കുക.

കഴുകാത്ത കൈകൾ കൊണ്ട് കണ്ണ്, മൂക്ക്, വായ എന്നിവ സ്പർശിക്കരുത്.

രോഗ ബാധിത പ്രദേശങ്ങളിലൂടെയുള്ള യാത്ര ഉപേക്ഷിക്കണം.

അനാവശ്യ ഹോസ്പിറ്റൽ സന്ദർശനങ്ങൾ ഒഴിവാക്കണം.

രോഗം ബാധിച്ച വ്യക്തിയിൽ നിന്ന് അകലം പാലിച്ചുകൊണ്ട് ഡോക്ടർമാരുടെ നിർദേശമനുസരിച്ച് പരിചരിക്കുക.



ഇത്തരം നിർദേശങ്ങൾ മുന്നോട്ടു വെക്കുന്നത് നമ്മുടെ നന്മക്ക് വേണ്ടിയാണ് എന്ന് മനസ്സിലാക്കി പ്രവർത്തിക്കുക.

വളരെ വേഗത്തിൽ പടരുന്ന രോഗങ്ങൾ കൊണ്ട് നാം പരീക്ഷിക്കപ്പെടുമ്പോൾ മുഹമ്മദ് നബിﷺ നൽകിയ ഒരു മുന്നറിയിപ്പ് നാം വായിക്കേണ്ടതു തന്നെയാണ്.

ഇമാം ബുഖാരി ഉദ്ധരിക്കുന്ന ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്: നബിﷺ പറഞ്ഞു: "ഒരു നാട്ടിൽ പ്ലേഗ് ബാധിച്ചിട്ടുണ്ടെന്നറിഞ്ഞാൽ നിങ്ങൾ അങ്ങോട്ട് പോകരുത്. അപ്രകാരം പ്ലേഗ് ബാധിത പ്രദേശത്തുനിന്ന് പുറത്ത് കടക്കുകയും ചെയ്യരുത്" (ബുഖാരി).

ഈ ഹദീഥുമായി ബന്ധപ്പെട്ട് ഉമർﷺവിന്റെ ചരിത്രമുണ്ട്. ഉമർﷺ ശാമിലേക്ക് പുറപ്പെട്ടു. വഴിയിൽ വെച്ചാണ് ശാമിൽ പകർച്ചവ്യാധി വ്യാപിച്ചിട്ടുണ്ടെന്ന വിവരം കിട്ടുന്നത്. ശാമിലേക്ക് പോകണോ അതല്ല മടങ്ങിപ്പോകണമോ എന്ന വിഷയത്തിൽ അവർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ടായി. ഈ സംഭവമറിഞ്ഞാണ് അബ്ദുറഹ്മാൻ ഇബ്നു ഔഫ്ﷺ കടന്നു വരുന്നത്. അദ്ദേഹം മുകളിൽ സൂചിപ്പിച്ച ഹദീഥ് അവരെ ഓർമപ്പെടുത്തുകയും അതനുസരിച്ച് ഉമർﷺ മടങ്ങിപ്പോവുകയും ചെയ്തു.

രോഗം ബാധിച്ചാൽ നിരാശരാവരുത്. അല്ലാഹുവിന്റെ വിധിയാണ് എന്ന് മനസ്സിലാക്കി ക്ഷമിക്കുക. രോഗം ഒരു പരീക്ഷണമാണെന്നും ആ പരീക്ഷയിൽ വിജയിക്കുന്നവരെ കാത്തിരിക്കുന്നത് മഹത്തായ സ്വർഗമാണെന്നും മറന്നുപോകരുത്.

നമ്മുടെ മുൻഗാമികൾ രോഗം വന്നപ്പോൾ ക്ഷമ അവലംബിച്ചവരായിരുന്നു. അയ്യൂബ് നബിﷺയുടെ ചരിത്രം വിശുദ്ധ ക്വുർആൻ നമ്മെ പഠിപ്പിക്കുന്നുണ്ട്. നബിﷺയുടെ ജീവിതത്തിൽ നിന്ന് ഒരു രോഗവുമായി ബന്ധപ്പെട്ട ചരിത്രം നമുക്ക് വായിക്കാൻ സാധിക്കും. അത് ഇപ്രകാരമാണ്:

അത്വാഉബ്നു അബീറബാഹിൽ നിന്ന് നിവേദനം: "ഇബ്നു അബ്ബാസ്ﷺ എന്നോട് ചോദിച്ചു: 'സ്വർഗാവകാശിയായ ഒരു സ്ത്രീയെ നിനക്ക് കാണിച്ചുതരട്ടെ?' ഞാൻ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'ഈ കറുത്ത സ്ത്രീയാണത്. അവർ ഒരിക്കൽ നബിയുടെ അടുത്തുവന്ന് പറഞ്ഞു: 'എനിക്ക് അപസ്മാരമുണ്ട്. രോഗം വരുമ്പോൾ മറച്ചുവെക്കേണ്ട ശരീരഭാഗങ്ങൾ വെളിവാകും. അവിടുന്ന് അല്ലാഹുവോട് എനിക്കുവേണ്ടി പ്രാർഥിക്കണം.' നബിﷺ പറഞ്ഞു: 'നീ ക്ഷമിക്കുകയാണെങ്കിൽ നിനക്ക് സ്വർഗം ലഭിക്കും. നീ ഉദ്ദേശിക്കുന്നുവെങ്കിൽ നിന്നെ സുഖപ്പെടുത്താൻ ഞാൻ അല്ലാഹുവോട് പ്രാർഥിക്കാം.' അവർ പറഞ്ഞു: 'ഞാൻ ക്ഷമിക്കാം. പക്ഷേ, രോഗസമയത്ത് എന്റെ ശരീരഭാഗങ്ങൾ വെളിപ്പെടുന്നു. അങ്ങനെ സംഭവിക്കാതിരിക്കാൻ അവിടുന്ന് അല്ലാഹുവോട് പ്രാർഥിക്കണം.' അപ്പോൾ നബിﷺ അവർക്കു



വേണ്ടി പ്രാർഥിച്ചു" (ബുഖാരി, മുസ്ലിം).

നിരാശയോടെ ജീവിതം തള്ളിനീക്കുകയല്ല, മറിച്ച് രോഗം ബാധിച്ചവർ ഇസ്ലാം അനുവദിച്ച ചികിത്സാ രീതികൾ ഉപയോഗിച്ചു മുന്നോട്ടു പോവുകയാണ് വേണ്ടത്. അല്ലാഹു ഒരു രോഗം ഇറക്കിയിട്ടുണ്ടെങ്കിൽ അതിന് മരുന്നും അവൻ ഇറക്കിയിട്ടുണ്ട്.

മുഹമ്മദ് നബിﷺ പറഞ്ഞതായി അബൂഹുറയ്റﷺ നിവേദനം: "മരുന്നില്ലാതെ ഒരു രോഗവും അല്ലാഹു ഇറക്കിയിട്ടില്ല" (ബുഖാരി).

**പ്രാർഥന**

അല്ലാഹുവിന്റെ ഉൽകൃഷ്ട നാമങ്ങളിൽപെട്ട ഒന്നാണ് ശാഫീ എന്നത്. ശാഫീ എന്നു പറഞ്ഞാൽ രോഗം സുഖപ്പെടുത്തുന്നവൻ എന്നർഥം. രോഗം നൽകുന്നവനും ശിഫയേകുന്നവനും അല്ലാഹുവാണ്.അതുകൊണ്ട് തന്നെ രോഗം വന്നാൽ ചികിത്സിക്കുന്നതിന്റെ കൂടെ പ്രാർഥന എന്ന ആയുധം നാം ഉപയോഗിക്കണം. രോഗവുമായി ബന്ധപ്പെട്ട ധാരാളം പ്രാർഥനകൾ വിശുദ്ധ ക്വുർആനിലും തിരു വചനങ്ങളിലും കാണാം. അവയെല്ലാം പഠിച്ച് നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുക.

ആരോഗ്യമുള്ളവർ അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് കൂടുതൽ നന്ദി കാണിക്കുകയും രോഗികൾക്ക് ചെയ്തുകൊടുക്കാൻ സാധിക്കുന്ന സഹായ സഹകരണങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com






# മതത്തെ തമാശയാക്കുന്നവരോട്

ചുറ്റുപാടുകളിലേക്ക് നോക്കിയാൽ നമുക്ക് കാണാൻ കഴിയുന്ന ചില കാര്യങ്ങളുണ്ട്. ഒരുപാട് മതങ്ങൾ, ഒരുപാട് ദർശനങ്ങൾ, ഒരുപാട് ദൈവങ്ങൾ, വിചിത്രങ്ങളായ ദൈവസങ്കൽപങ്ങൾ, വിചിത്രങ്ങളായ ആചാരങ്ങൾ എന്നിവയാണവ. ഒരുവേള നാം ചിന്തിക്കുക, പ്രപഞ്ചത്തിന് പിന്നിൽ ഒറ്റ സത്യമേയുള്ളൂ എങ്കിൽ ഈയൊരു വൈവിധ്യത്തിന് വല്ല പ്രസക്തിയുമുണ്ടോ? മതം മുന്നോട്ടുവെയ്ക്കുന്ന അടിസ്ഥാനപരമായ ആശയം ശരിയാണെങ്കിൽ വിചിത്രങ്ങളായ, വ്യത്യസ്തങ്ങളായ, പരസ്പരം ഏറ്റുമുട്ടുന്ന വിശ്വാസങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടാകുമോ?

മതത്തെ ഗൗരവതരമായ ചർച്ചക്ക് വിധേയമാക്കേണ്ടത് ഇവിടെയാണ്. പലപ്പോഴും അത്തരം ഒരു ചർച്ചയും മതത്തിന്റെ പേരിൽ ഉണ്ടാകുന്നില്ല എന്നതാണ് യാഥാർഥ്യം. പലപ്പോഴും ആളുകൾക്ക് മതം എന്നത് കളിയും തമാശയും മാത്രമാണ്. മതത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അല്ലെങ്കിൽ മതത്തോടുള്ള കാഴ്ചപ്പാടുകൾ അവതരിപ്പിക്കുമ്പോൾ, മതത്തോടുള്ള

മനുഷ്യന്റെ ഗൗരവമില്ലാത്ത ഈയൊരു സമീപനം നമുക്ക് കാണാൻ സാധിക്കും. മതങ്ങളെയും മതദർശനങ്ങളെയും മനുഷ്യന്റെ ചില വൈകാരിക ഭാഗങ്ങളായി തള്ളുകയും ഓരോരുത്തരും തോന്നിയതുപോലെ വിശ്വസിക്കട്ടെ, ആചരിക്കട്ടെ എന്നു പറഞ്ഞുകൊണ്ടുള്ള ഒരു അഴകൊഴമ്പൻ സമീപനം ആളുകൾ സ്വീകരിക്കുകയും ചെയ്യുന്നത് സർവസാധാരണമായിരിക്കുന്നു. മാത്രമല്ല പലരും ഞങ്ങൾ ഇന്ന മതവിശ്വാസത്തിന്റെ ആളുകളാണ് എന്ന് പറയാറുണ്ടെങ്കിലും ആ മതത്തിന്റെ ദർശനമോ അതിന്റെ വേദഗ്രന്ഥമോ അതിന്റെ ആശയമോ അവരെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമേ ആകാറില്ല.



ഇവിടെ ഇസ്‌ലാം മുന്നോട്ട് വെക്കുന്ന ഒരു വലിയ ആശയമുണ്ട്. പരിശുദ്ധ ക്വുർആൻ നമുക്ക് മുന്നിൽ വെക്കുന്ന വലിയൊരു പാഠമാണത്. മതത്തെ നിങ്ങൾ കളിയും തമാശയും ആയി എടുക്കരുത് എന്നതാണത്. ആത്മാവ് സത്യമാണെങ്കിൽ, മതം സത്യമാണെങ്കിൽ, ദൈവം സത്യമാണെങ്കിൽ, ജീവിതം സത്യമാണെങ്കിൽ, മരണാനന്തര ജീവിതം സത്യമാണെങ്കിൽ നമുക്ക് അതിനെ കളിതമാശയായി കാണുക ഒരിക്കലും സാധ്യമല്ല. താഴെ പറയുന്ന ക്വുർആനിക വചനം ശ്രദ്ധിക്കുക.

"ഹേ, വിശ്വസിച്ചവരേ, നിങ്ങളുടെ മുമ്പ് വേദഗ്രന്ഥം നൽകപ്പെട്ടവരിൽ നിന്ന് നിങ്ങളുടെ മതത്തെ പരിഹാസവും കളിയുമാക്കിത്തീർത്തവരെയും,(നിഷേധികളായ) അവിശ്വാസികളെയും നിങ്ങൾ ബന്ധുമിത്രങ്ങളാക്കി വെക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും ചെയ്യുവിൻ- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ" (ക്വുർആൻ 5:60)

ഇവിടെ ഗൗരവമുള്ള ഒരു ചിന്തയാണ് ക്വുർആൻ മുന്നോട്ട് വെക്കുന്നത്. മതത്തെ കളിയും തമാശയുമായി കരുതാൻ പാടില്ല. അത്തരം ആളുകളെ മിത്രങ്ങളാക്കി വെക്കുന്നത് പോലും നല്ലതല്ലെന്നാണ് ക്വുർആൻ വ്യക്തമാക്കുന്നത്. പക്ഷേ, ഇന്നത്തെ കാലഘട്ടത്തിൽ നടന്നുകൊണ്ടിരിക്കുന്ന ചർച്ചകൾ ഒരൽപം ശ്രദ്ധിച്ചാൽ നമുക്ക് കാണാൻ സാധിക്കുന്ന കാര്യം മതം എന്നത് പലർക്കും അവരുടെ രാഷ്ട്രീയമായ താൽപര്യങ്ങളെ മുതലെടുക്കാൻ വേണ്ടിയുള്ള ഒരു ഉപകരണം മാത്രമാണ് എന്നതാണ്. വേറെ ചില ആളുകൾക്ക് അവരുടെ സാമൂഹികമായ ചില വിഷയങ്ങൾ നിലനിർത്താനാവശ്യമായ മാധ്യമമാണ് മതം. ചില ആളുകൾക്ക് പണം സമ്പാദിക്കാനും ഈ ലോകത്ത് വലിയ ആളുകൾ ആയി ത്തീരാനും ഈ ലോകത്തിലുള്ള സുഖസൗകര്യങ്ങൾ നേടിയടുക്കാനുമുള്ള മറയാണ് മതം. ഇങ്ങനെ മതത്തെ പല താൽപര്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്തുന്ന ആളുകളെ നമുക്ക് കാണാൻ സാധിക്കുന്നു. ചിലയാളുകൾക്ക് മതമെന്നത് അവരുടെ ബൗദ്ധികമായ വ്യായാമത്തിനുള്ള ഉപാധി മാത്രമാണ്. അനാവശ്യമായ ചർച്ചകളിലൂടെ തങ്ങളുടെ കഴിവും സമർഥനശേഷിയും തെളിയിക്കാൻ വേണ്ടി അവർ മതത്തെ ഉപയോഗപ്പെടുത്തുന്നു.

"തങ്ങളുടെ മതത്തെ കളിയും, വിനോദവുമാക്കിത്തീർക്കുകയും, ഐഹിക ജീവിതം വഞ്ചിക്കുകയും ചെയ്തിട്ടുള്ളവരെ നീ (അവരുടെ പാട്ടിനു) വിട്ടേക്കുകയും ചെയ്യുക." (ക്വുർആൻ 6:70)

ഐഹിക ജീവിതത്തിന്റെ അലങ്കാരങ്ങളാൽ വഞ്ചിക്കപ്പെട്ട ആളുകളാണ് മതത്തെ ഭൗതിക താൽപര്യങ്ങൾക്കു വേണ്ടി ഉപയോഗപ്പെടുത്തുക. മതവിശ്വാസമെന്നത് കളി തമാശയുടെ ലോകമല്ല. ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടെങ്കിൽ ആ സ്രഷ്ടാവിനെ ആരാധിക്കുക എന്നത് ഒരു തമാശയായി കാണേണ്ട കാര്യമാണോ? മരണാനന്തരം ഒരു ജീവിതമുണ്ടെങ്കിൽ ആ മരണാനന്തര ജീവിതവുമായി ബന്ധപ്പെട്ട ചർച്ചകളെ ഗൗരവമില്ലാത്ത ചില നേരം പോക്കുകളായി നാം കണ്ടാൽ മതിയോ? വേദഗ്രന്ഥങ്ങൾ സത്യമാണെങ്കിൽ ആ വേദഗ്രന്ഥത്തിലെ ആശയത്തെ നാം പഠിക്കേണ്ടതില്ലേ? പ്രവാചകൻമാർ സത്യമാണെങ്കിൽ ആ പ്രവാചകൻമാരുടെ വാക്കുകൾക്ക് നാം കാതോർക്കേണ്ടതില്ലേ? പക്ഷേ പലപ്പോഴും ആത്മാവ് നഷ്ടപ്പട്ട, ഗൗരവം നഷ്ടപ്പെട്ട കേവല അന്തിച്ചർച്ചകളായി മതവിഷയങ്ങൾ മാറുമ്പോൾ യഥാർഥത്തിൽ നഷ്ടം സംഭവിക്കുന്നത് മാനവ സമൂഹത്തിന് തന്നെയാണ് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. സർവശക്തൻ അനുഗ്രഹിക്കട്ടെ.

അബ്ദുൽ ജബ്ബാർ മദീനി
mail@nerpatham.com

ലേഖനം



ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 5

# പുണ്യകർമങ്ങൾ

ഇസ്‌ലാം പഠിപ്പിക്കുന്ന മഹത്തായ സ്വഭാവഗുണങ്ങളിൽ ഒന്നാണ് 'ബിർറ്.' 'ബിർറ്' എന്തെന്നു വിശദീകരിച്ച് നബിﷺ പറഞ്ഞു: "സൽസ്വഭാവമാകുന്നു ബിർറ്. നിന്റെ മനസ്സിന് ചൊറിച്ചിലുണ്ടാക്കുകയും ജനങ്ങൾ നോക്കിക്കാണുന്നത് നിനക്ക് അനിഷ്ടകരമാവുകയും ചെയ്യുന്നത് പാപവും"(ബുഖാരി).

വാബിസ്വ ഇബ്നു മഅ്ബദ്ؓ പറഞ്ഞു: "ഞാൻ തിരുദൂതരുടെ അടുക്കൽ ചെന്നു. തിരുമേനിﷺ ചോദിച്ചു: 'താങ്കൾ ബിർറിനെ കുറിച്ചും പാപത്തെ കുറിച്ചും ചോദിക്കുവാനാണോ വന്നിരിക്കുന്നത്?' ഞാൻ പറഞ്ഞു: 'അതെ.' തിരുമേനിﷺ പറഞ്ഞു: 'താങ്കളുടെ മനസ്സിനോട് വിധി ചോദിക്കുക. മനസ്സ് സമാധാനമടഞ്ഞതേതോ അതാണ് ബിർറ്. ഹൃദയം ശാന്തി കണ്ടതുമാണ് ബിർറ്" (മുസ്നദു അഹ്മദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ബന്ധം ചാർത്തലും നന്മയേകലും നന്നായി വർത്തിക്കലുമാണ് ബിർറ്. ഏഴു കാര്യങ്ങൾ ബിർറിലെ നിധികളായി പരിചയപ്പെടുത്തപ്പെട്ടിട്ടുണ്ട്. ആരാധനയിലുള്ള ആത്മാർഥത (ഇഖ്‌ലാസ്), മാതാപിതാക്കൾക്കുള്ള പുണ്യം, കുടുംബബന്ധം ചാർത്തൽ, അമാനത്തിന്റെ നിർവഹണം, പാപത്തിന്റെ വിഷയത്തിൽ ആരെയും അനുസരിക്കാതിരിക്കൽ, ദേഹേച്ഛ പ്രവൃത്തിക്കാതിരിക്കൽ, പുണ്യകർമത്തിൽ കഠിനാധ്വാനിയാകലും അല്ലാഹുവെ ഭയക്കലും അവന്റെ പ്രതിഫലത്തിൽ പ്രതീക്ഷയർപ്പിക്കലും തക്‌വ കൈകൊള്ളലും നാഥനെ ഭയക്കലും ബിർറിനുള്ള മാർഗമാണ്. (സമർകന്ദിയുടെ തൻബീഹുൽഗാഫിലീൻ പേജ്: 253).

അല്ലാഹു പറഞ്ഞു: "പ്രത്യുത, ദോഷബാധയെ കാത്തുസൂക്ഷിച്ചവനത്രെ പുണ്യവാൻ" (ക്വുർആൻ 2:189).

"നിങ്ങൾ ഇഷ്ടപ്പെടുന്നതിൽ നിന്ന് നിങ്ങൾ ചെലവഴിക്കുന്നത് വരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല" (ക്വുർആൻ 3:92).

ലുബ്ധ്, പിശുക്ക് എന്നീ രോഗങ്ങളിൽനിന്ന് മനസ്സിനെ ചികിത്സിക്കുക, ദാനം നിർവഹിക്കുക, നന്മയുടെ മാർഗത്തിൽ ധനം വ്യയം ചെയ്യുവാനും പരിശ്രമിക്കുക എന്നിവ ബിർറിന് സഹായകമാവുന്ന മാർഗമാണ്. അല്ലാഹു പറഞ്ഞു:

"നിങ്ങളുടെ മുഖങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ തിരിക്കുക എന്നതല്ല പുണ്യം. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും മലക്കുകളിലും വേദഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും, സ്വത്തിനോട് പ്രിയമുണ്ടായിട്ടും അത് ബന്ധുക്കൾക്കും അനാഥകൾക്കും അഗതികൾക്കും വഴിപോക്കനും ചോദിച്ചുവരുന്നവർക്കും അടിമമോചനത്തിന്നും നൽകുകയും, പ്രാർഥന (നമസ്കാരം) മുറപ്രകാരം നിർവഹിക്കുകയും സകാത്ത് നൽകുകയും കരാറിൽ ഏർപെട്ടാൽ അത് നിറവേറ്റുകയും, വിഷമതകളും ദുരിതങ്ങളും നേരിടുമ്പോഴും യുദ്ധരംഗത്തും ക്ഷമ കൈക്കൊള്ളുകയും ചെയ്തവരാരോ അവരാകുന്നു പുണ്യവാന്മാർ. അവരാകുന്നു സത്യം പാലിച്ചവർ. അവർതന്നെ യാകുന്നു (ദോഷബാധയെ) സൂക്ഷിച്ചവർ" (ക്വുർആൻ 2:177).

ബിർറിന്റെ മഹത്ത്വവും പ്രാധാന്യവും അറിയിച്ച് തിരുമേനിﷺ പറഞ്ഞു: "പുണ്യം മാത്രമാകുന്നു ആയുസ്സിൽ വർധനവുണ്ടാക്കുന്നത്. പ്രാർഥന മാത്രമാകുന്നു വിധിയെ തടുക്കുന്നത്" (സുനനു ഇബ്നിമാജ. അൽബാനി ഹസനെന്ന് വിശേഷിപ്പിച്ചു).

അബ്ദുല്ലാഹ് ഇബ്നു മസ്ഊദിؓൽ നിന്ന് നിവേദനം. നബിﷺ പറഞ്ഞു: "നിങ്ങൾ സത്യസന്ധത കൃത്യമായി പാലിക്കുക. കാരണം സത്യസന്ധത നന്മയി(ബിർറ്)ലേക്കു നയിക്കും. നന്മയാകട്ടെ സ്വർഗത്തിലേക്കും നയിക്കും"(മുസ്ലിം).

അബുദ്ദർദാഅ്ؓ പറഞ്ഞു: 'നിങ്ങൾ അല്ലാഹുവെ കാണുന്നതുപോലെ നിങ്ങൾ അവനെ ആരാധിക്കുക. നിങ്ങളെ നിങ്ങൾ മരണംവരിച്ചവരിൽ എണ്ണുക. നിങ്ങൾക്ക് ഐശ്വര്യമേകുന്ന തുച്ഛമായതാണ് നിങ്ങളെ അശ്രദ്ധമാക്കുന്ന കൂടുതൽ സമ്പത്തിനെക്കാൾ ഉത്തമം. ബിർറ് ഒരിക്കലും നശിക്കുകയില്ലെന്നും പാപം ഒരിക്കലും മറയുകയില്ലെന്നും നിങ്ങൾ അറിയുക" (മുസ്വന്നഫു ഇബ്നിഅബീ ശയ്ബ).

അബൂദർറ് അൽഗിഫാരിؓ പറഞ്ഞു: "ബിർറ് ചെയ്യുന്നതോടൊപ്പം ദുആ, ഭക്ഷണത്തിൽ ഉപ്പ് എത്രമാത്രം മതിയോ അത്രമാത്രം മതി'' (മുസ്വന്നഫു ഇബ്നി അബീശെയ്ബ).

ഇബ്നുൽക്വയ്യിം പറഞ്ഞു: ''പുണ്യപ്രവൃത്തികൾ ദാസനെ സജീവമാക്കുകയും അവനെ നിലനിർത്തുകയും ചെയ്യും. അവ അവനെയുംകൊണ്ട് അല്ലാഹുവിലേക്ക് കയറും. അവന് പുണ്യങ്ങളോടുള്ള ബന്ധത്തിന്റെ ശക്തിക്കനുസരിച്ച് അവയുടെ ഉയർച്ചയോടൊപ്പം അവനും ഉയർച്ചയുണ്ടാകും'' (ത്വരീക്വുൽഹിജ്റതയ്ൻ).

എല്ലാ സൽപ്രവൃത്തികളും ബന്ധം ചാർത്തലും നന്മയും 'ബിർറ്' എന്ന പദം ഉൾകൊള്ളുന്നു. എന്നാൽ ബിർറിന്റെ ഏറ്റവും പ്രധാനമായ ഒരു രൂപം മാതാപിതാക്കൾക്കു നേരെയുള്ളതാകുന്നു. ഈസാ നബിؑയെയും യഹ്യാ നബിؑയെയും പ്രശംസിച്ചു കൊണ്ട് അല്ലാഹു പറയുന്നത് നോക്കൂ:

"തന്റെ മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നവനുമായിരുന്നു. നിഷ്ഠൂരനും അനുസരണം കെട്ടവനുമായിരുന്നില്ല" (ക്വുർആൻ 19:14).

"(അവൻ എന്നെ) എന്റെ മാതാവിനോട് നല്ല നിലയിൽ പെരുമാറുന്നവനും (ആക്കിയിരിക്കുന്നു). അവൻ എന്നെ നിഷ്ഠൂരനും ഭാഗ്യംകെട്ടവനുമാക്കിയിട്ടില്ല" (ക്വുർആൻ 19:32).

മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നതിന്റെ മഹത്ത്വമറിയിക്കുന്ന ഏതാനും തിരുമൊഴികളും സംഭവങ്ങളും താഴെ നൽകുന്നു.

അബൂ ഉസയ്ദ് അസ്സാഇദീؓയിൽ നിന്ന് നിവേദനം:

"ഞങ്ങൾ അല്ലാഹുവിന്റെ തിരുദൂതരോടൊപ്പമായിരിക്കെ ബനൂസലമ ഗോത്രത്തിൽപെട്ട ഒരു വ്യക്തി തിരുസവിധത്തിലെത്തി. അയാൾ ചോദിച്ചു: 'എന്റെ മാതാപിതാക്കളുടെ മരണാനന്തരം ഞാൻ അവർക്ക് നിർവഹിക്കുവാൻ ശേഷിക്കുന്ന വല്ല ബിർറും ഉണ്ടോ?' തിരുമേനിﷺ പറഞ്ഞു: 'അതെ. അവരുടെ മേൽ ജനാസ നമസ്കാരം, അവർക്ക് വേണ്ടിയുള്ള പാപമോചന തേട്ടം, അവരുടെ വാഗ്ദാനങ്ങൾ അവരുടെ വിയോഗാനന്തരം നടപ്പിലാക്കൽ, അവരിലൂടെ മാത്രം ചേർക്കപ്പെടുന്ന കുടുംബബന്ധം ചാർത്തൽ, അവരുടെ കൂട്ടുകാരെ ആദരിക്കൽ" (ഇബ്നി ഹിബ്ബാൻ).

മുആവിയത് അസ്സുലമിؓയിൽ നിന്ന് നിവേദനം: "ഞാൻ അല്ലാഹുവിന്റെ റസൂലിന്നരികിൽ ചെന്നു. ഞാൻ പ



റഞ്ഞു: 'അല്ലാഹുവിന്റെ തിരുദൂതരേ, താങ്കളോടൊപ്പം ജിഹാദ് ചെയ്യുവാൻ ഞാൻ ഉദ്ദേശിച്ചിരിക്കുന്നു; അതിലൂടെ അല്ലാഹുവിന്റെ തൃപ്തിയും സ്വർഗവും ഞാൻ ആഗ്രഹിക്കുന്നു.' തിരുമേനിﷺ പറഞ്ഞു: 'താങ്കൾക്ക് നാശം, താങ്കളുടെ മാതാവ് ജീവിച്ചിരിപ്പുണ്ടോ? ഞാൻ പറഞ്ഞു: അതെ. തിരുമേനി പറഞ്ഞു: മടങ്ങിച്ചെന്ന് അവർക്ക് പുണ്യം ചെയ്യുക. ശേഷം ഞാൻ മറുഭാഗത്തിലൂടെ തിരുമേനി യെ സമീപിച്ചു. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ തിരുദൂതരേ, താങ്കളോടൊപ്പം ജിഹാദ് ചെയ്യുവാൻ ഞാൻ ഉദ്ദേശിച്ചിരിക്കുന്നു; അതിലൂടെ അല്ലാഹുവിന്റെ വജ്ഹും സ്വർഗവും ഞാൻആഗ്രഹിക്കുന്നു. തിരുമേനി പറഞ്ഞു: താങ്കൾക്ക് നാശം. താങ്കളുടെ മാതാവ് ജീവിച്ചിരിപ്പുണ്ടോ ഞാൻ പറഞ്ഞു: തിരുദൂതരേ, അതെ. തിരുമേനി പറഞ്ഞു: മടങ്ങിച്ചെന്ന് അവർക്ക് പുണ്യംചെയ്യുക. പിന്നീട് ഞാൻ മുന്നിലൂടെ തിരുമേനിﷺയെ സമീപിച്ചു. ഞാൻ പറഞ്ഞു: തിരുദൂതരേ, താങ്കളോടൊപ്പം ജിഹാദ് ചെയ്യുവാൻ ഞാൻ ഉദ്ദേശിച്ചിരിക്കുന്നു; അതിലൂടെ അല്ലാഹുവിന്റെ വജ്ഹും സ്വർഗവും ഞാൻ ആഗ്രഹിക്കുന്നു. നബിﷺ പറഞ്ഞു: താങ്കൾക്ക് നാശം. താങ്കളുടെ മാതാവ് ജീവിച്ചിരിപ്പുണ്ടോ ഞാൻ പറഞ്ഞു: തിരുദൂതരേ, അതെ. തിരുമേനി പ്രതികരിച്ചു: താങ്കൾക്കു നാശം. അവരുടെ കാൽപാദത്തെ വിടാതെ കൂടുക. കാരണം അവിടെയാണ് സ്വർഗം" (സുനനുഇബ്നിമാജഃ. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ഇബ്നു ഉമറിؓൽ നിന്ന് നിവേദനം: "തന്റെ പിതാവിന്റെ മരണാനന്തരം അദ്ദേഹത്തിന്റെ ഇഷ്ടക്കാരോട് ബന്ധം ചാർത്തുകയെന്നത് ഏറ്റവും വലിയ പുണ്യമാകുന്നു."(മുസ്ലിം)

### മുഖപ്രസന്നത

സന്തോഷവും പുഞ്ചിരിയും നല്ല മുഖഭാവവും തന്മയത്തവും ആളുകളെ അഭിമുഖീകരിക്കുമ്പോഴുള്ള പ്രസന്നതയുമൊക്കെ അനിവാര്യവും അഭികാമ്യവുമാണ്. തിരുസുന്നത്തിൽ തൽവിഷയത്തിൽ കൽപനകളും നിർദ്ദേശങ്ങളും ഏറെയാണ്. അബൂദർറിൽഗിഫാരിؓയിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. തിരുനബി എന്നോടു പറഞ്ഞു:

"നന്മയിൽ യാതൊന്നും താങ്കൾ നിസാരവൽകരിക്കരുത്; താങ്കളുടെ സഹോദരനെ മുഖപ്രസന്നതയിൽ കണ്ടുമുട്ടുന്നതായാൽപോലും." (മുസ്ലിം) മറ്റൊരു നിവേദനത്തിൽ ഇപ്രകാരമുണ്ട്:

"നിന്റെ സഹോദരന്റെ മുഖത്തു(നോക്കിയുള്ള) നിന്റെ പുഞ്ചിരി നിനക്കു സ്വദക്വഃയാണ്." ജാബിറിؓയിൽ നിന്നുള്ള നിവേദനത്തിൽ ഇപ്രകാരമാണുള്ളത്:

"എല്ലാ നന്മയും സ്വദക്വഃയാകുന്നു. നിശ്ചയം താങ്കളുടെ സഹോദരനെ മുഖപ്രസന്നതയിൽ കണ്ടുമുട്ടുന്നത് നന്മയിൽപെട്ടതാകുന്നു." (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു.)

തിരുദൂതരുടെ മാതൃക ഈ വിഷയത്തിൽ അനുചരന്മാരും പ്രവാചകപത്നിമാരും വർണിക്കുന്നത് ഏറെ വശ്യമാണ്. ഏതാനും വർണനകൾ ഇവിടെ നൽകുന്നു. ആഇശؓയിൽ നിന്ന് നിവേദനം:

"തിരുനബിﷺയെ ഒരിക്കലും ഗൗരവതരത്തിലും ചെറുനാക്ക് കാണും വിധം ചിരിക്കുന്നതായും ഞാൻ കണ്ടിട്ടില്ല. തിരുമേനി പുഞ്ചിരിക്കുക മാത്രമായിരുന്നു." (ബുഖാരി)

ജരീർ ഇബ്നു അബ്ദില്ലؓയിൽ നിന്ന് നിവേദനം: "ഞാൻ ഇസ്ലാം സ്വീകരിച്ച നാളുമുതൽ തിരുനബി എന്നെ(തിരുദൂതരുﷺടെ അടുക്കലേക്ക് പ്രവേശിക്കുന്നത്) തടഞ്ഞിട്ടില്ല. എന്റെ മുഖത്തു നോക്കി പുഞ്ചിരിക്കാതെ എന്നെ തിരുമേനിക്ക് മുട്ടിയിട്ടുമില്ല." (ബുഖാരി)

ബർറാഅ് ഇബ്നു ആസിബിൽ നിന്ന് നിവേദനം:

"തിരുനബി മനുഷ്യരിൽ ഏറ്റവുമധികം മുഖസൗന്ദര്യം ഉള്ളവനായിരുന്നു." (ബുഖാരി) അബൂ ഇസ്ഹാകിؓൽ നിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു. ബറാഇؓനോട് ചോദിക്കപ്പെട്ടു:

"തിരുനബിﷺയുടെ മുഖം തിളങ്ങുന്ന വാളു പോലെയായിരുന്നുവോ അദ്ദേഹം പറഞ്ഞു: അല്ല ചന്ദ്രനെപ്പോലെയായിരുന്നു."(ബുഖാരി)

അർഷദ് അൽഹികമി, താനൂർ
arshadtnr@gmail.com

ലേഖനം

24th
WISDOM
PROFCON
PROFESSIONAL STUDENTS GLOBAL CONFERENCE
2020 MARCH 13,14,15
KOLLAM

# എന്തുകൊണ്ട് പ്രൊഫ്കോൺ?

ഇരുപത്തിനാലാമത് പ്രൊഫ്കോൺ
ഒരു വിളിപ്പാടകലെ എത്തിനിൽക്കുന്നു.
എന്തുകൊണ്ട് പ്രൊഫ്കോൺ
വ്യത്യസ്തമാകുന്നു...?
അതിന്റെ പ്രസക്തി എന്തെന്ന്
പരിശോധിക്കുമ്പോൾ
കഴിഞ്ഞ പ്രൊഫ്കോണുകൾ
നമുക്ക് നൽകുന്ന ചില ഉത്തരങ്ങളുണ്ട്:
പ്രോഫ്കോൺ ഒരു വെളിച്ചമാണ്,
അത് ഇരുളടഞ്ഞ വഴികളിൽ
സത്യത്തിന്റെ പ്രകാശം പരത്തുന്നു.
പ്രൊഫ്കോൺ ഒരു ഉൾവിളിയാണ്,
ഇനിയും മരിക്കാത്ത ധാർമികതയെ ഉണർത്തുന്നത്.
പ്രൊഫ്കോൺ ഒരു തിരിച്ചറിവാണ്,
നേടിയത് പലതുണ്ടെങ്കിലും
നേടേണ്ടത് നേടിയിട്ടില്ലെന്നതിന്റെ.
പ്രൊഫ്കോൺ ഒരു മടക്കമാണ്,
തിന്മയുടെ നീരാളിപ്പിടുത്തത്തിൽ നിന്നും
നന്മയുടെ നേർവഴിയിലേക്കുള്ള...
പ്രൊഫ്കോൺ ഒരു ഓർമപ്പെടുത്തലാണ്,
ലക്ഷ്യം തെറ്റി സഞ്ചരിക്കുമ്പോൾ നേരെ നടക്കാൻ.
പ്രൊഫ്കോൺ ഒരു തുടർച്ചയാണ്,
തന്നെ തിരിച്ചു കൊണ്ടുവന്ന വഴിയിൽ
മുന്നേ നടക്കുവാനുള്ള ഊർജത്തിന്റെ.
നിങ്ങളുടെ കൂട്ടുകാരനാണ് പ്രൊഫ്കോൺ;
നന്മയിൽ നിങ്ങളെ മുന്നോട്ടു നയിക്കുന്ന,
തിന്മയിൽ നിങ്ങളെ പിന്നോട്ടു വിളിക്കുന്ന.
നിങ്ങളുടെ രക്ഷിതാവാണ് പ്രൊഫ്കോൺ;
സ്നേഹവും കരുതലും സംരക്ഷണവും
ആവോളം തന്ന് നിങ്ങളെ കാക്കുന്ന.
ഒരു ഉപദേശിയാണ് പ്രൊഫ്കോൺ;
പകച്ചുനിൽക്കുന്നിടത്ത് മാർഗമുപദേശിക്കുന്ന.
സഹയാത്രികനാണ് പ്രൊഫ്കോൺ;
ജീവിതയാത്രയിൽ ഒരിക്കലും
നിങ്ങളെ വഴിയിലിറക്കി വിടാത്ത.
തണലാണ് പ്രൊഫ്കോൺ;
നിങ്ങളെ വെയിലു കൊള്ളാൻ അനുവദിക്കാത്ത.
ആശ്വാസമാണ് പ്രൊഫ്കോൺ;
നിരാശയുടെ പടുകുഴിയിൽ നിന്ന് കരകയറ്റുന്ന.
അതെ, പ്രൊഫ്കോൺ
വഴിതെറ്റുന്ന തലമുറക്ക് മുന്നിൽ പകച്ച് നിൽക്കുന്ന
ആയിരക്കണക്കിന് രക്ഷിതാക്കളുടെ പ്രാർഥനയാണ്,
നന്മയെ സ്നേഹിക്കുന്നവരുടെ
വറ്റാത്ത പ്രതീക്ഷയാണ്.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 67, ഭാഗം: 4

# മുൽക് (ആധിപത്യം)

(മക്കയിൽ അവതരിച്ചത്)

أَوَلَمْ يَرَوْا۟ إِلَى ٱلطَّيْرِ فَوْقَهُمْ صَٰٓفَّٰتٍ
وَيَقْبِضْنَ ۚ مَا يُمْسِكُهُنَّ إِلَّا ٱلرَّحْمَٰنُ ۚ إِنَّهُۥ بِكُلِّ
شَىْءٍۭ بَصِيرٌ ﴿١٩﴾
أَمَّنْ هَٰذَا ٱلَّذِى هُوَ جُندٌ لَّكُمْ يَنصُرُكُم مِّن
دُونِ ٱلرَّحْمَٰنِ ۚ إِنِ ٱلْكَٰفِرُونَ إِلَّا فِى غُرُورٍ ﴿٢٠﴾
أَمَّنْ هَٰذَا ٱلَّذِى يَرْزُقُكُمْ إِنْ أَمْسَكَ رِزْقَهُۥ ۚ بَل
لَّجُّوا۟ فِى عُتُوٍّ وَنُفُورٍ ﴿٢١﴾
أَفَمَن يَمْشِى مُكِبًّا عَلَىٰ وَجْهِهِۦٓ أَهْدَىٰٓ أَمَّن
يَمْشِى سَوِيًّا عَلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٢٢﴾
قُلْ هُوَ ٱلَّذِىٓ أَنشَأَكُمْ وَجَعَلَ لَكُمُ ٱلسَّمْعَ
وَٱلْأَبْصَٰرَ وَٱلْأَفْـِٔدَةَ ۖ قَلِيلًا مَّا تَشْكُرُونَ ﴿٢٣﴾

19. അവർക്കു മുകളിൽ ചിറകുവിടർത്തിക്കൊണ്ടും ചിറകു കൂട്ടിപ്പിടിച്ചു കൊണ്ടുംപറക്കുന്ന പക്ഷികളുടെ നേർക്ക് അവർ നോക്കിയില്ലേ? പരമകാരുണികനല്ലാതെ (മറ്റാരും) അവയെ താങ്ങി നിറുത്തുന്നില്ല. തീർച്ചയായും അവൻ എല്ലാ കാര്യവും കണ്ടറിയുന്നവനാകുന്നു.

20. അതല്ല പരമകാരുണികന് പുറമെ നിങ്ങളെ സഹായിക്കുവാൻ ഒരു പട്ടാളമായിട്ടുള്ളവൻ ആരുണ്ട്? സത്യനിഷേധികൾ വഞ്ചനയിൽ അകപ്പെട്ടിരിക്കുക മാത്രമാകുന്നു.

21. അതല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം നൽകുന്നവനായി ആരുണ്ട്? എങ്കിലും അവർ ധിക്കാരത്തിലും വെറുപ്പിലും മുഴുകിയിരിക്കയാകുന്നു.

22. അപ്പോൾ, മുഖം നിലത്തുകുത്തിക്കൊണ്ട് നടക്കുന്നവനാണോ സന്മാർഗം പ്രാപിക്കുന്നവൻ? അതല്ല നേരെയുള്ള പാതയിലൂടെ ശരിക്ക് നടക്കുന്നവനോ?

23. പറയുക: അവനാണ് നിങ്ങളെ സൃഷ്ടിച്ചുണ്ടാക്കുകയും നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപെടുത്തിത്തരികയും ചെയ്തവൻ. കുറച്ചു മാത്രമെ നിങ്ങൾ നന്ദികാണിക്കുന്നുള്ളൂ.

19). ഇതിൽ ആക്ഷേപമുണ്ട്. അതോടൊപ്പം അന്തരീക്ഷത്തെ, വായുവിനെ അല്ലാഹു സൗകര്യപ്പെടുത്തി കൊടുത്ത പക്ഷിയെ നിരീക്ഷിക്കാൻ ഇവിടെ പ്രേരിപ്പിക്കുന്നു. പറക്കാൻ തന്റെ ചിറകുകൾ വിടർത്തിപ്പിടിക്കുകയും ഇറങ്ങാൻ ചിറകു കൂട്ടിപ്പിടിക്കുകയും ചെയ്യുന്ന പക്ഷകളിലേക്ക്. അങ്ങനെ അത് അന്തരീക്ഷത്തിൽ സഞ്ചരിക്കുകയും അതിന്റെ ഉദ്ദേശ്യാവശ്യങ്ങൾക്കനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

(പരമകാരുണികനല്ലാതെ അതിനെ താങ്ങി നിർത്തുന്നില്ല) അന്തരീക്ഷത്തെ അവയ്ക്ക് സൗകര്യപ്പെടുത്തി കൊടുത്തത് അവനാണ്. പറക്കാൻ കഴിയുന്ന വിധത്തിലാണ് അതിന്റെ സൃഷ്ടിപ്പും ശരീരങ്ങളും അവൻ സംവിധാനിച്ചത്. പറക്കുന്ന അവസ്ഥയെക്കുറിച്ച് ചിന്തിക്കുകയും ഗുണപാഠമുൾക്കൊള്ളുകയും ചെയ്യുന്നവർക്ക്. അത് സ്രഷ്ടാവിന്റെ കഴിവിനെ ബോധ്യപ്പെടുത്തുന്നതും ദൈവികമായ പരിഗണനയെ അറിയിക്കുന്നതും. ആരാധനക്ക് അർഹതയുള്ള ഏകനാണ് അവനെന്നും കണ്ടെത്താനാവും.

(തീർച്ചയായും അവൻ എല്ലാ കാര്യവും കണ്ടറിയുന്നവനാകുന്നു) തന്റെ അടിമകളുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവനാണവൻ. അവർക്ക് അനുയോജ്യമാം വിധം. അവന്റെ യുക്തി താൽപര്യപ്പെടുന്ന നിലയ്ക്കും.

20). സത്യത്തെ അവഗണിക്കുകയും അല്ലാഹുവിന്റെ കൽപനകളെ നിരാകരിക്കുകയും ചെയ്യുന്ന അതിരുവിട്ടവരോട് അല്ലാഹു പറയുന്നു: (അതല്ല, പരമകാരുണികന് പുറമെ നിങ്ങളെ സഹായിക്കാൻ ഒരു പട്ടാളമായിട്ടുള്ളവൻ ആരുണ്ട്?) അതായത്, നിങ്ങളെ സഹായിക്കാൻ. പരമകാരുണികൻ നിങ്ങൾക്ക് തിന്മ ഉദ്ദേശിച്ചാൽ അതിൽ നിന്ന് നിങ്ങളെ തടുക്കുകയോ? പരമകാരുണികനല്ലാതെ നിങ്ങളെ ശത്രുക്കൾക്കെതിരായി സഹായിക്കാൻ ആരാണുള്ളത്. തീർച്ചയായും അല്ലാഹു സഹായിക്കുന്നവനും പ്രതാപം നൽകുന്നവനും നിന്ദ്യത വരുത്തുന്നവനുമാണ്. എന്നാൽ മറ്റു സൃഷ്ടികളെല്ലാം ഒരു അടിമയെ സഹായിക്കാൻ ഒരുമിച്ച് ചേർന്നാലും സഹായിക്കാനാവില്ല. അണുമണിത്തൂക്കം ഉപകാരം ചെയ്യാനുമാവില്ല; ഏത് ശത്രുവിനെതിരെയാണെങ്കിലും.

പരമകാരുണികനല്ലാതെ മറ്റാരും സഹായിക്കില്ലെന്നറിഞ്ഞിട്ടും അവിശ്വാസത്തിൽ തുടർന്നുകൊണ്ടിരിക്കുന്നവർ വഞ്ചനയിലും വിഡ്ഢിത്തത്തിലുമാണ്.

21). (അതല്ലെങ്കിൽ അല്ലാഹു തന്റെ ഉപജീവനം നിർത്തിവെച്ചാൽ നിങ്ങൾക്ക് ഉപജീവനം നൽകുന്നവനായി ആരുണ്ട്?) ഉപജീവനം മുഴുവൻ അല്ലാഹുവിൽ നിന്നാണ്. അവൻ നിങ്ങൾക്ക് ഉപജീവനം നിർത്തിവെച്ചാൽ അത് നിങ്ങൾക്ക് തരാൻ ആരുണ്ട്? സ്വന്തം ഭക്ഷണം തന്നെസ്വയം ഉണ്ടാക്കാൻ ഒരു സൃഷ്ടിക്കുമാവില്ല. എങ്കിൽ മറ്റുള്ളവരുടേത് എങ്ങനെ സാധിക്കും? അപ്പോൾ യഥാർഥ ഉപജീവന ദാതാവും അനുഗ്രഹം നൽകുന്നവനുമാണവൻ. അവങ്കൽ നിന്നല്ലാതെ യാതൊരനുഗ്രഹവും അടിമകൾ കണ്ടെത്തില്ല. അവൻ മാത്രമാണ് ആരാധനക്കുള്ള യഥാർഥ അവകാശി.

എന്നാൽ അവിശ്വാസികൾ (അവർ മുഴുകിയിരിക്കുന്നു) തുടർന്നുകൊണ്ടിരിക്കുന്നു. (ധിക്കാരത്തിലും) സത്യത്തോട് യാതൊരു മൃദുലതയും കാണിക്കാതെ കാഠിന്യത്തിൽ. (വെറിപ്പിലും) സത്യത്തെ വെറുത്തുകൊണ്ട്.

22). ഈ രണ്ടാളിൽ ആരാണ് ഏറ്റവും സന്മാർഗത്തിലുള്ളവൻ? ഹൃദയം തലതിരിഞ്ഞ് അവിശ്വാസത്തിൽ മുങ്ങി വഴികേടിൽ അലയുന്നവൻ. അവന് സത്യം അസത്യമാണ്. അസത്യം സത്യവും. അതിന് പ്രാധാന്യം നൽകി. അത് ജീവിതത്തിൽ പകർത്തി. അതോ വാക്കിലും പ്രവൃത്തിയിലും ജീവിതത്തിൽ മുഴുക്കെ നേരായ വഴിയിൽ നടക്കുന്നവനോ?

ഈ രണ്ടുപേരെയും ഒന്ന് ശ്രദ്ധിച്ചു പരിശോധിച്ചാൽ തന്നെ വ്യത്യാസം മനസ്സിലാകും; അവരിലെ പിഴച്ചവനെയും സന്മാർഗിയെയും. വാക്കിനെക്കാളും വലിയ സാക്ഷ്യം അവസ്ഥകൾ തന്നെയാണ്.

23). അല്ലാഹു, താൻ മാത്രമാണ് ആരാധ്യനെന്ന് വ്യക്തമാക്കുകയും തനിക്ക് നന്ദിചെയ്യാനും ആരാധന തനിക്ക് മാത്രമാക്കാനും തന്റെ അടിമകളെ ക്ഷണിക്കുകയും ചെയ്യുന്നു:

(പറയുക: അവനാണ് സൃഷ്ടിച്ചുണ്ടാക്കിയത്) സഹായിയോ സേവകരോ ഇല്ലാതെ ഇല്ലായ്മയിൽ നിന്ന് അവൻ നിങ്ങളെ ഉണ്ടാക്കി. നിങ്ങളെ സൃഷ്ടിച്ചപ്പോൾ നിങ്ങൾക്ക് അവൻ പൂർണ അസ്തിത്വം നൽകി. (നിങ്ങൾക്ക് കേൾവിയും കാഴ്ചകളും ഹൃദയങ്ങളും ഏർപെടുത്തി തരികയും) ചെയ്തപ്പോൾ. ഇവ മൂന്നും ശരീരത്തിലെ അവയവങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതാണ്. ശാരീരിക ശക്തിയിൽ ഏറ്റവും പൂർണമായവയുമാണത്.

എന്നാൽ ഈ അനുഗ്രഹങ്ങളോട് (കുറച്ച് മാത്രമെ നിങ്ങൾ നന്ദി കാണിക്കുന്നുള്ളൂ). നിങ്ങൾക്ക് നന്ദി കുറവാണ്. നിങ്ങളിൽ നന്ദി കാണിക്കുന്നവരും കുറവാണ്.

ഉസ്മാൻ പാലക്കാഴി
usmanpalakkazhi@gmail.com



# ശ്രദ്ധപുലർത്താം നമ്മൾക്ക്

ആമരമീമരം പൂമരം
മാവും തെങ്ങും പൊൻമരം
മരങ്ങൾ ജീവന്നാധാരം
മിഴികൾക്കേകും ആനന്ദം
മിഴികൾക്കേകും ആനന്ദം

മണ്ണിനെ വന്ധ്യയാക്കി മാറ്റും
പ്ലാസ്റ്റിക്കെന്നൊരു ഭീകരനെ
നാട്ടിൽനിന്നും തുരത്തിടാനായ്
ഒത്തൊരുമിക്കാം നമ്മൾക്ക്
ഒത്തൊരുമിക്കാം നമ്മൾക്ക്

ജലാശയങ്ങളെ വിഷമയമാക്കും
ദ്രോഹം നമ്മൾ തടയേണം
ശുദ്ധ ജലത്തെ സംരക്ഷിക്കാം
ശ്രദ്ധ പുലർത്തി ജീവിക്കാം
ശ്രദ്ധ പുലർത്തി ജീവിക്കാം

മണ്ണിലിറങ്ങാം കർഷകരാകാം
വിഷമില്ലാത്തത് ഭക്ഷിക്കാം
അലസത വെടിയാം മുന്നേറാം
തലമുറകൾക്കായ് തണലേകാം
തലമുറകൾക്കായ് തണലേകാം

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി. വി. എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 FEBRUARY 15

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-



**Economics**

Despite recent dramatic improvements, one of humanity's most urgent issues is the reduction of global poverty, in all its forms. More than 700 million people still subsist on extremely low incomes. The research conducted by Abhijit Banerjee, Esther Duflo & Michael Kremer has considerably improved the ability to fight global poverty. In just two decades, their new experiment-based approach has transformed development economics, which is now a flourishing field of research.

**Medicine**

The fundamental importance of oxygen has been understood for centuries, but how cells adapt to changes in oxygen levels has long been unknown. This year's Nobel Prize awarded work reveals the molecular mechanisms that underlie how cells adapt to variations in oxygen supply, a statement from the Nobel Assembly at Sweden's Karolinska Institute said

**Engineering**

There is nothing I believe more strongly than getting young people interested in science and engineering, for a better tomorrow, for all humankind." – Bill Nye (science educator, former mechanical engineer)

**Education**

The function of education is to teach one to think intensively and to think critically. Intelligence plus character - that is the goal of true education.
– Martin Luther King, Jr.

# PROFESSIONAL STUDENTS GLOBAL CONFERENCE 24

**Research**

No research is ever quite complete. It is the glory of a good bit of work that it opens the way for something still better, and this repeatedly leads to its own eclipse
– MervinGordon

**Management**

Corporate culture matters. How management chooses to treat its people impacts everything - for better or for worse.
– Simon Sinek

**Physics**

The Nobel Prize in Physics 2019 was awarded "for contributions to our understanding of the evolution of the universe and Earth's place in the cosmos" with one half to James Peebles "for theoretical discoveries in physical cosmology", the other half jointly to Michel Mayor and Didier Queloz "for the discovery of an exoplanet orbiting a solar-type star.

**Chemistry**

Lithium-ion batteries have revolutionised the world of technology. The batteries power everyday products such as smartphones, laptops and even electric vehicles. The 2019 Nobel Prize in Chemistry has been awarded to John B. Goodenough, M. Stanley Whittingham and Akira Yoshino "for the development of lithium-ion batteries"

**Environment**

Although Nature needs thousands or millions of years to create a new species, man needs only a few dozen years to destroy one

**TO THE RIGHT GOAL, THROUGH THE RIGHT PATH**

24th WISDOM

# PROFCON

PROFESSIONAL STUDENTS GLOBAL CONFERENCE

2020 MARCH 13 14 15 KOLLAM

peaceradio Tune to reality | WISDOM ISLAMIC STUDENTS ORGANIZATION

CV Complex
PV Sami Road, Kozhikode
8156812292

www.profcon.in
wisdomstudents
wisdomglobaltv